**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

## ആനുകാലിക റിപ്പോർട്ട്

**(2022 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH, 2022)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2022 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്**
**(Presented on 19th July, 2022)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

ആനുകാലിക റിപ്പോർട്ട്

(2022 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2022)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്

(Presented on 19th July, 2022)

981/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

# സബ്ജക്റ്റ് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2021-2023)

### ഘടന

ചെയർമാൻ :

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. ആന്റണി രാജു,
ഗതാഗത വകുപ്പുമന്ത്രി

ശ്രീ. അഹമ്മദ് ദേവർകോവിൽ,
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. മോൻസ് ജോസഫ്

ഡോ. എം. കെ. മുനീർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീമതി ഉമ തോമസ് *.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

---

*പി.ടി. തോമസ് 22-12-2021-ന് അന്തരിച്ചതിനെ തുടർന്ന് 30-6-2022-ലെ 242-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2021-2023), 7-6-2021-ലെ 26-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം രൂപീകൃതമായി. പ്രസ്തുത സമിതി 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 21-6-2021, 29-6-2021, 7-7-2021, 28-9-2021, 24-11-2021, 28-1-2022 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2020 എപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, ചട്ടം 235 എ പ്രകാരം വിവിധ വിഷയങ്ങളിന്മേലുള്ള ചർച്ച, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, വിവിധ സമിതി ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളുടെ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 78.78% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV- നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായംVI - a) 2021-22-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII – സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. എ. മുഹമ്മദ് റിയാസ്,

തിരുവനന്തപുരം,
2022 ജൂലൈ 18.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

# 1-4-2021 മുതൽ 31-3-2022 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്

## അദ്ധ്യായം - I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് 7-7-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 22-7-2021-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 7-7-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 26-7-2021-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3) സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 7-7-2021-ലെ യോഗത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 26-7-2021-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം - II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ഇല്ല.

## അദ്ധ്യായം - III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

സമിതിയുടെ 28-1-2022-ലെ യോഗം 2022-ലെ കേരള ട്രാൻസ്പോർട്ട് സർവ്വീസ്(അമെൻഡ്മെന്റ്) സ്പെഷ്യൽ റൂൾസിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 28-9-2021-ലെ യോഗം 2019-ലെ കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 841/2020) സാധൂകരിച്ചു. സമിതിയുടെ 24-11-2021-ലെ യോഗം 2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ചട്ടങ്ങൾ(S.R.O. 611/2020) സാധൂകരിച്ചു.

## അദ്ധ്യായം - IV

## ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ച വിശദാംശം

സമിതിയുടെ 28-1-2022-ലെ യോഗം 'പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതി പരിഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ', 'KSRTC-യുടെ പ്രവർത്തനം', 'കേരളത്തിലെ വിവിധ തുറമുഖങ്ങൾ' എന്നീ വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

## അദ്ധ്യായം - V

## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| XLI —ഗതാഗതം | 2018-19 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (കാലതാമസപത്രിക സഹിതം) | 10-6-2021 |
| XLI —ഗതാഗതം | 2019-20 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (കാലതാമസപത്രിക സഹിതം) | 10-6-2021 |
| XL —തുറമുഖങ്ങൾ | 2019-20 | തുറമുഖ വകുപ്പ് (കാലതാമസപത്രിക സഹിതം) | 10-6-2021 |
| XV—പൊതുമരാമത്ത് | 2019-20 | പൊതുമരാമത്ത് വകുപ്പ് (കാലതാമസപത്രിക സഹിതം) | 10-6-2021 |
| XLI —ഗതാഗതം | 2016-17 | ഗതാഗതം (റെയിൽവേ) | 12-8-2021 |
| XLI —ഗതാഗതം | 2017-18 | ഗതാഗതം (റെയിൽവേ) | 12-8-2021 |
| XLI —ഗതാഗതം | 2018-19 | ഗതാഗതം (റെയിൽവേ) (കാലതാമസപത്രിക സഹിതം) | 12-8-2021 |

| (1) | (2) | (3) | (4) |
|---|---|---|---|
| XLI —ഗതാഗതം | 2020-21 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (കാലതാമസപത്രിക സഹിതം) | 3-11-2021 |
| XLI —ഗതാഗതം | 2016-17 | ഗതാഗതം (KSRTC) | 16-3-2022 |
| XLI —ഗതാഗതം | 2017-18 | ഗതാഗതം (KSRTC) | 16-3-2022 |
| XLI —ഗതാഗതം | 2018-19 | ഗതാഗതം (KSRTC) (കാലതാമസപത്രിക സഹിതം) | 16-3-2022 |
| XLI —ഗതാഗതം | 2019-20 | ഗതാഗതം (KSRTC) (കാലതാമസപത്രിക സഹിതം) | 16-3-2022 |
| XLI —ഗതാഗതം | 2020-21 | ഗതാഗതം (KSRTC) (കാലതാമസപത്രിക സഹിതം) | 16-3-2022 |
| XV —പൊതുമരാമത്ത് | 2020-21 | പൊതുമരാമത്ത് വകുപ്പ് (കാലതാമസപത്രിക സഹിതം) | 16-3-2022 |

## അദ്ധ്യായം - VI

### (a) 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തി യിട്ടുള്ള, മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 131 | 9-107,117-120,129-131 | 1-8,108-116,121-128 | 25 |

b) 2020-21,2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ 2019-20-ലെ ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

3075-60-001-98-05-3— മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – ഭരണവും നടത്തിപ്പും - മേൽനോട്ടം - ഓഫീസ് ചെലവുകൾ -ടെലിഫോൺ ചെലവ്

ടെലിഫോൺ ചാർജ്ജ് കുടിശ്ശികയിനത്തിൽ ബി.എസ്.എൻ.എൽ.-ന് നൽകുന്നതിനായി ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 128)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചു. അധിക തുക അനുവദിച്ചിട്ടില്ല.

(റഫ. നം. : എ 1/73/2020/സി.എസ്.ഐ.എൻ.ഡി., തീയതി : 19-7-2021)

ശിപാർശ

3075-60-001-98-21-2— മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ – ഭരണവും നടത്തിപ്പും - മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി യാത്ര കൂടുതലാകുന്നതും വാഹനത്തിന്റെ കാലപ്പഴക്കവും കാരണം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും സ്പെയർ പാർട്ട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവും മൂലം ഉള്ള അധിക ചെലവിനുമായി ഈ ശീർഷകത്തിൽ 45,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 129)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചു. അധികതുകഅനുവദിച്ചിട്ടില്ല.

(റഫ. നം. : എ 1/73/2020/സി.എസ്.ഐ.എൻ.ഡി., തീയതി : 19-7-2021)

<u>ശിപാർശ</u>

3075-60-001-98-45മറ്റ മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേ മേൽനോട്ടം - പി.ഒ.എൽ.

പി.ഒ.എൽ. ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 27,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 130)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടില്ലെന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : എ 1/73/2020/സി.എസ്.ഐ.എൻ.ഡി., തീയതി : 19-7-2021)

<u>ശിപാർശ</u>

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റ് ചെലവുകൾ-ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

കോവളം - ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ 555 കിലോമീറ്ററോളം ഭാഗം ജലഗതാഗതത്തിന് പര്യാപ്തമായതിനാൽ കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 131)

<u>സ്വീകരിച്ച നടപടി</u>

148 ലക്ഷം രൂപ 5075-60-800-86 ശീർഷകത്തിൽ നിന്നും വകമാറ്റിയത് ഉൾപ്പെടെ ആകെ 198 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(റഫ. നം. : എ 1/73/2020/സി.എസ്.ഐ.എൻ.ഡി., തീയതി : 19-7-2021)

<u>ശിപാർശ</u>

3075-60-800-87(01)—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റ് ചെലവുകൾ - ഉൾനാടൻ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിധി-ഉൾനാടൻ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിധി

ജലപാതകൾ വഴിയുള്ള ചരക്ക് ഗതാഗതം പ്രാരംഭദശയിലായതിനാൽ കാർഗോ സബ്സിഡി നിലനിൽക്കേണ്ടത് ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 132)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : എ 1/73/2020/സി.എസ്.ഐ.എൻ.ഡി., തീയതി : 19-7-2021)

ശിപാർശ

5075-60-800-86—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ – മറ്റ് ചെലവുകൾ-ദേശീയ ജലപാത III-മായി അനുബന്ധ കനാലുകളെ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി (ആർ.ഐ.ഡി.എഫ്.)

NABARD-RIDF ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച് നടപ്പിലാക്കിയിട്ടുള്ള മൂഴിക്കൽ നാവിഗേഷൻ ലോക്ക്, വെളിയംകോട് നാവിഗേഷൻ ലോക്ക് എന്നീ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 141)

സ്വീകരിച്ച നടപടി

അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : എ 1/73/2020/സി.എസ്.ഐ.എൻ.ഡി., തീയതി : 19-7-2021)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശിപാർശ

5075-60-190-94—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ (തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതി)(MIDP)

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികൾക്കും കൺസൽട്ടൻസി ഫീസിനത്തിലും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 56.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 123)

<u>സ്വീകരിച്ച നടപടി</u>

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി 2019-20-ൽ 5075-60-190-94 എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ദൈനംദിന ചെലവുകൾക്കും മറ്റു പ്രവർത്തനങ്ങൾക്കുമായി 2019-20-ൽ 1,09,02,645 രൂപ ചെലവായിട്ടുണ്ട്. ഇത് മുൻകാല നീക്കിയിരുപ്പ് തുകയിൽ നിന്നാണ് ചെലവാക്കിയിട്ടുള്ളത്. ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതി രേഖയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ സമിതി നിർദ്ദേശിച്ച അധിക തുക ആവശ്യമായി വന്നില്ല.

(ഫ. നം. : PWD-PS1/197/2019-PWD, തീയതി : 9-4-2021)

(കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു.)

## അദ്ധ്യായം - VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

### 2021-22 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

21-6-2021, 29-6-2021 എന്നീ തീയതികളിൽ യോഗം ചേർന്ന് സമിതി 2021-22 സാമ്പത്തിക വർഷത്തെ IX,XV,XL,XLI എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു. 7-7-2021-ലെ യോഗത്തിൽ പ്രസ്തുത ശിപാർശകളടങ്ങിയ കരട് റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. എ. മുഹമ്മദ് റിയാസ്
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2022 ജൂലൈ 18.

<u>അനുബന്ധം</u>

## 21-6-2021-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2021 ജൂൺ 21-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ, ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു എന്നിവരും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. പ്രമോദ് നാരായൺ, "
3. ശ്രീ. കെ. പ്രേംകുമാർ, "
4. ശ്രീ. പി. പി. സുമോദ്, "
5. ശ്രീ. വി. ആർ. സുനിൽ കുമാർ, "

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം</u>:

ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് </u>:

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്.
2. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ശ്രീ. എൽ. രാധാകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ., മലബാർ ഇന്റർനാഷണൽ പോർട്ട് & സീസ് ലിമിറ്റഡ്.

4. ശ്രീ. ജാഫർ മാലിക്, മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ).

5. ശ്രീമതി സൈജമോൾ എൻ. ജേക്കബ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്.

6. ശ്രീമതി ബീന എൽ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി).

7. ശ്രീ. ടി. പി. സലീം കുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.

8. ശ്രീമതി ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (കെട്ടിടവിഭാഗം), പൊതുമരാമത്ത് വകുപ്പ്.

9. ശ്രീ. ജോമോൻ കെ. ജോർജ്ജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.

10. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി).

11. ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്.

12. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

13. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്.

14. ശ്രീമതി സിന്ധു ടി. എസ്., ചീഫ് എഞ്ചിനീയർ (ആർ.എം), പൊതുമരാമത്ത് വകുപ്പ്.

15. ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

16. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

17. ശ്രീ. അനിൽ കുമാർ എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

18. ഡോ. സന്തോഷ് സത്യപാൽ, ജനറൽ മാനേജർ (ടെക്നിക്കൽ), വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്.

19. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്.

20. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്.
21. ശ്രീ. സതീഷ് എൻ., സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്.
22. ശ്രീ. ശിവപ്രകാശൻ നായർ എം., ഫിനാൻസ് ഓഫീസർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്.
23. ശ്രീ. അലോഷ്യസ് ഫ്രാൻസിസ്, ഫിനാൻസ് ഓഫീസർ, തുറമുഖ വകുപ്പ്.
24. ശ്രീ. ശങ്കരൻ സുമ, കമ്പനി സെക്രട്ടറി, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്.

സമിതി, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നിവ സംബന്ധിച്ച സൂക്ഷ്മപരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XV (പൊതുമരാമത്ത്)

പൊതുമരാമത്ത് വകുപ്പിന് 2059, 3054, 4059, 5054 എന്നിങ്ങനെ നാല് മേജർ ഹെഡ്ഡുകളിലായി 5500 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നതെന്നും പൊതുമരാമത്ത് വകുപ്പ് ഏകദേശം 32000 കിലോമീറ്റർ റോഡുകളാണ് സംസ്ഥാനത്ത് പരിപാലിക്കുന്നതെന്നും ബി.എം. & ബി.സി. റോഡിനുള്ള ചെലവ് ഒരു കിലോമീറ്ററിന് 80 ലക്ഷം രൂപയാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ആമുഖമായി പറഞ്ഞു. കൂടാതെ 2812 പാലങ്ങളും 11724 കെട്ടിടങ്ങളും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതായും ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്കുപുറമേ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴിയും ഫണ്ട് ലഭിക്കുന്നതായും കഴിഞ്ഞ വർഷത്തെ 1500 കോടി രൂപയുടെ ബിൽ കുടിശ്ശിക ഉള്ളതായും ഈ സാഹചര്യത്തിലാണ് എല്ലാ ശീർഷകങ്ങളിലും കൂടുതൽ തുക ആവശ്യപ്പെട്ടിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**2059—പൊതുമരാമത്ത്**

2059-01-051—പൊതുമരാമത്ത് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം

നിയമസഭയുടെയും നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെയും ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കായി ഈ ശീർഷകത്തിൽ 48.53 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-01-053—<u>പൊതുമരാമത്ത് - ഓഫീസ് കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 8.1174 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-60-053—<u>പൊതുമരാമത്ത് - മറ്റു കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റ് സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 19.4917 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-99 (01)—<u>പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ് - നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)</u>

(02)—<u>നടത്തിപ്പ് (ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത്)</u>

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ചീഫ് ആർക്കിടെക്ടിന്റെയും ജീവനക്കാരുടെയും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 40.84 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-97-05 (3)—<u>പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും-നിർവ്വഹണം-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്</u>

കെട്ടിട വിഭാഗത്തിന് കീഴിലുള്ള 23 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകളിലേയും ഇവയുടെ കീഴിലുള്ള സബ്ഡിവിഷൻ, സെക്ഷൻ

ഓഫീസുകളുടേയും ടെലിഫോൺ ചാർജ്ജുകൾക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-97-21(2)—പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടവിഭാഗത്തിന് കീഴിലുള്ള 20 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഓഫീസുകളിലെയും ഇവയുടെ കീഴിലുള്ള സബ്ഡിവിഷൻ ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-053—പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വൈദ്യുത സാമഗ്രികളുടെ സംരക്ഷണത്തിനും രാജ്ഭവൻ സജ്ജീകരിക്കലിനും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങൾ, സെക്രട്ടേറിയറ്റ് എന്നിവയുടെ സംരക്ഷണത്തിനും ന്യൂഡൽഹിയിലെ കേരള ഹൗസിന്റെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 7.9051 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**3054—റോഡുകളും പാലങ്ങളും.**

3054-01-001-99—റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, സ്ഥലംമാറ്റബത്ത, അവധി യാത്രാനുകൂല്യം, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ., ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മെമ്പർഷിപ്പ് തുക എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 7.53 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-001-98—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, പി.ഒ.എൽ ഇനത്തിലെ കുടിശ്ശിക, മോട്ടോർ

വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-337-99—<u>റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - റോഡുപണികൾ- സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ.</u>

സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-800-99—<u>റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - മറ്റു ചെലവ് - മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം.</u>

പട്ടണത്തിലേക്ക് ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിലെ അപാകത, മലയോര പ്രദേശങ്ങളിൽ ഉൾപ്പെടെ മരക്കൊമ്പുകൾ വീണ് സൈഡുകൾ മറയുന്നത്, സിഗ്നൽ സംവിധാനം പ്രവർത്തിക്കാത്ത പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നാറ്റ്പാക് പഠനം നടത്തി 270 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ആയതിന് കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകുന്നതായും പൊതുമരാമത്ത് സെക്രട്ടറി മറുപടി നൽകി.

മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേകളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾക്കായി ഈ ശീർഷകത്തിൽ 4.56 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-102-99—<u>റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - പാലങ്ങൾ - സാധാരണ അറ്റകുറ്റപ്പണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി 73 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത തുക അപര്യാപ്തമാണെന്നും സംസ്ഥാനത്ത് ആകെയുള്ള 2754 പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്നും ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്) അഭ്യർത്ഥിച്ചു.

സംസ്ഥാന ഹൈവേകളിലെ പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-102-98—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - പാലങ്ങൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്കക്കെടുതികൾ മൂലം നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനമൊട്ടാകെ തകർന്നുകിടക്കുന്ന പാലങ്ങളിൽ മുൻഗണന നൽകി പുനരുദ്ധരിക്കേണ്ട പാലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ കൂടുതൽ ശ്രദ്ധ നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

3054-03-337-96—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡു പണികൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 325 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഈ വർഷം അടിയന്തരമായി അറ്റകുറ്റപ്പണി നടത്തേണ്ടതും പൂർണ്ണമായി തകർന്നതുമായ റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി നൽകാൻ ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി നിർദ്ദേശിച്ചത് പ്രകാരം ആയത് ജൂലൈ 15-ന് മുൻപ് സമർപ്പിക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ (റോഡ്സ്) മറുപടി നൽകി.

3054-80-001-99—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്

പുതുതായി അനുവദിച്ച ചീഫ് എഞ്ചിനീയർ (പാലങ്ങൾ), ചീഫ് എഞ്ചിനീയർ (നിരത്ത് പരിപാലനം) എന്നീ ഓഫീസുകളിലെ ജീവനക്കാരുടെ യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 24 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-98—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - മേൽനോട്ടം

പുതുതായി അനുവദിച്ച സർക്കിൾ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത് പരിപാലനം) ജീവനക്കാരുടെ യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-97—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം

പുതുതായി അനുവദിച്ച ഡിവിഷൻ ഓഫീസുകളിലെ (പാലങ്ങൾ, നിരത്ത് പരിപാലനം) ജീവനക്കാരുടെ വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ., ട്രേഡ് അപ്രന്റീസുമാർക്കുള്ള സ്റ്റൈപന്റ്, വാടക, കരം, നികുതി എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-99—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ യാത്രാബത്ത, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, പി.ഒ.എൽ. എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 90,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-98—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡിലെ രണ്ട് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ഇന്ധന ചെലവിനുമായി ഈ ശീർഷകത്തിൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-96—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം, ഇൻവെസ്റ്റിഗേഷൻ ജോലികൾ, ഡി.പി.ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-107-97—റോഡുകളും പാലങ്ങളും-ജനറൽ-റെയിൽവേ സുരക്ഷിതത്വ പണികൾ - കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക ഇനത്തിൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-92—റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ - കേരള റോഡ് ഫണ്ട്

തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ നഗരവികസന പദ്ധതിയ്ക്കായും District Flagship Infrastructure Project, കൺസൾട്ടൻസി ചാർജ്ജ് എന്നിവയ്ക്കായും ഈ ശീർഷകത്തിൽ 18.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-87—റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ-ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജുകൾ

ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജ് കുടിശ്ശിക ക്രമീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4059 —പൊതുമരാമത്ത് മൂലധനച്ചെലവ്**

4059-01-051-99-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ - വൻകിട മരാമത്തുപണികൾ

സംസ്ഥാന നിയമസഭയുടെ പരിഷ്കരണ ജോലികൾക്കും നവീകരണ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 2.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-98-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - നീതിന്യായ നിർവ്വഹണം- വൻകിട മരാമത്തുപണികൾ

ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 53 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-97-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഇലക്ഷൻ - വൻകിട മരാമത്തുപണികൾ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാനമന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട ബിൽ കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 6.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-96-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്ത് പണികൾ

വിവിധ താലൂക്ക്, റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 1.673 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-95-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - മുദ്രപ്പത്രങ്ങൾ, രജിസ്ട്രേഷൻ -വൻകിട മരാമത്തുപണികൾ.

രജിസ്ട്രാർ ഓഫീസുകളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 1.5105 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-94-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സ്റ്റേറ്റ് എക്സൈസ് - വൻകിട മരാമത്തുപണികൾ

എക്സൈസ് കോംപ്ലക്സും ഓഫീസുകളും ഉൾപ്പെടെ പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 4.4735 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-92-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മീഷൻ - വൻകിട മരാമത്തുപണികൾ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി ഈ ശീർഷകത്തിൽ 1.31 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-90-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ട്രഷറിയും അക്കൗണ്ടുഭരണവും - വൻകിട മരാമത്തുപണികൾ

ട്രഷറി ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 7.88 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-88-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ജയിൽ - വൻകിട മരാമത്തുപണികൾ

ജയിൽ ഡി.ജി.പി, ഐ.ജി, ഡി.ഐ.ജി ഓഫീസുകളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 1.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-86-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്തു പണികൾ (സിവിൽ ജോലികൾ) - വൻകിട മരാമത്തുപണികൾ

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കുവാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും ഈ ശീർഷകത്തിൽ 42.6465 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-83-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - രാജ്ഭവൻ മരാമത്തുപണികൾ - വൻകിട മരാമത്തുപണികൾ

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 26.5 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-82-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് - വൻകിട മരാമത്തുപണികൾ

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-75-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - വാണിജ്യ നികുതി വകുപ്പ് - വൻകിട മരാമത്തുപണികൾ

വാണിജ്യ നികുതി വകുപ്പിന്റെ ഓഫീസ് കെട്ടിടങ്ങളുടെ പണികൾ പൂർത്തീകരിച്ച് കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായി ഈ ശീർഷകത്തിൽ 25.06 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-72—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജ് ഓഫീസുകളുടെയും റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെയും നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1.4455 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-71-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത പണികൾ (കെട്ടിടങ്ങൾ) - വൻകിട മരാമത്തുപണികൾ

മാന്ദ്യവിരുദ്ധ പാക്കേജിന് കീഴിൽ എല്ലാ വകുപ്പുകളിലെയും കെട്ടിട നിർമ്മാണ പണികൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-64—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-63—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം- സൂക്ഷ്മ പരിശോധനാ പ്രവൃത്തികൾ

ഭരണാനുമതി നൽകുന്നതിന് മുന്നോടിയായുള്ള പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടപടികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-77-16—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം -നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം-വൻകിട മരാമത്തുപണികൾ

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 55.6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി_തീരുമാനിച്ചു.

4059-60-051-72-16—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം -നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി - വൻകിട മരാമത്തുപണികൾ

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ 3.4576 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-71—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - ജയിലുകളുടെ ആധുനികവൽകരണം

ജയിലുകളുടെ ആധുനികവൽക്കരണത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.8065 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-69—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം - 60 % കേന്ദ്ര വിഹിതം)

60% കേന്ദ്ര സഹായം ഉള്ള ഈ ശീർഷകത്തിൽ കോടതി കെട്ടിടങ്ങളുടെ പണികൾക്കായി 11.5887 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-68—പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റുകെട്ടിടങ്ങൾ-നിർമ്മാണം-സൂക്ഷ്മ പരിശോധനാ പ്രവൃത്തികൾ

ഭരണാനുമതി നൽകുന്നതിന് മുന്നോടിയായുള്ള പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടപടികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-79—പൊതുമരാമത്ത് മൂലധനച്ചെലവ് - ജനറൽ - നിർമ്മാണം - ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം

ജെൻഡർ ബഡ്ജറ്റിംഗിനോടനുബന്ധിച്ച് നടക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1.0965 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-78-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ജനറൽ - നിർമ്മാണം - സൈനിക സ്കൂൾ - വൻകിട മരാമത്തുപണികൾ

സൈനിക സ്കൂൾ കെട്ടിടത്തിലെ ഡോർമിറ്ററി നിർമ്മാണത്തിന് ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-75—പൊതുമരാമത്ത് മൂലധനച്ചെലവ് - ജനറൽ - നിർമ്മാണം - സൂക്ഷ്മ പരിശോധനാ പ്രവൃത്തികൾ

ഭരണാനുമതി നൽകുന്നതിന് മുന്നോടിയായുള്ള പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടപടികൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5054 -റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്**

5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -നാഷണൽ ഹൈവേകൾ - റോഡുപണികൾ-നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്.

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവനറോഡുകളുടെയും നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-നാഷണൽ ഹൈവേകൾ-റോഡുപണികൾ-ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിട മരാമത്തുപണികൾ.

ദേശീയപാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ഭാഗത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും കരമന - കളിയിക്കാവിള പാതയിലെ ഒന്നാം ഘട്ടം രണ്ടാം റീച്ച് പ്രാവച്ചമ്പലം - വഴിമുക്ക് റോഡിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - നാഷണൽ ഹൈവേകൾ - റോഡുപണികൾ - കൊല്ലം - ആലപ്പുഴ - ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

ആലപ്പുഴ ബൈപ്പാസ് നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - പാലങ്ങൾ - സി.ആർ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം) - വൻകിട മരാമത്തു പണികൾ

ദേശീയപാതാ വിഭാഗത്തിന്റെ പാലങ്ങളുമായി ബന്ധപ്പെട്ട് രണ്ട് പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 48 കോടി രൂപ ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡ് പണികൾ - സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം) - വൻകിട മരാമത്തുപണികൾ.

നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 400 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-03-337-98-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാന പാതകൾ- റോഡ് പണികൾ - വികസനവും പരിഷ്കരണവും - വൻകിട മരാമത്തുപണികൾ.

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സ്ഥലമേറ്റെടുക്കലിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച സംസ്ഥാന പാതകളുടെ പുനർനിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-03-337-97— റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ - റോഡ് പണികൾ - കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോക ബാങ്ക് സഹായിക്കുന്നത്)

നിലവിൽ പണി നടക്കുന്ന പുനലൂർ-പൊൻകുന്നം റോഡിന്റെയും മറ്റ് മൂന്ന് ആർ.കെ.ഐ. റോഡുകളുടെയും (അടൂർ-ചെങ്ങന്നൂർ, പൈനാവ്-താന്നിക്കണ്ടം, ചെമ്മണ്ണൂർ ഗ്യാപ്) പ്രവൃത്തികൾക്കായി 300 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കെ.എസ്.ടി.പി. റോഡ് പ്രവൃത്തികളിൽ സ്ഥലം ഏറ്റെടുക്കാൻ പാടില്ലെന്ന് ലോകബാങ്ക് നിബന്ധന വച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് സ്ഥലം ഏറ്റെടുക്കൽ ഇല്ലാത്ത റോഡുകൾ മാത്രമേ ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിക്കാൻ സാധിക്കുകയുള്ളൂവെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

റാന്നിയിലെ ഉത്തിമൂട് എന്ന സ്ഥലത്തുകൂടി വലിയ കണ്ടെയ്നറുകൾക്ക് ഭാവിയിൽ പോകാൻ കഴിയില്ലായെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ അക്കാര്യം പരിശോധിക്കാമെന്ന് ചീഫ് എഞ്ചിനീയർ കെ.എസ്.ടി.പി. മറുപടി നൽകി. കോട്ടയം-മൂവാറ്റുപുഴ റോഡിൽ ഏറ്റുമാനൂർ മുതൽ കൂത്താട്ടുകുളം വരെ അപകട മേഖലയാണെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെടുത്തിയ സമിതി, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത മേഖലയിൽ സ്വീകരിച്ച നടപടി എന്താണെന്ന് ആരാഞ്ഞു. ചെങ്ങന്നൂർ മുതൽ അങ്കമാലി വരെയുള്ള റോഡിന്റെ സംരക്ഷണത്തിന് ഏഴ് വർഷത്തേക്ക് കരാർ നൽകിയിട്ടുണ്ടെന്നും കരാറിൽ ആനുകാലിക അറ്റകുറ്റപ്പണികൾ, അത്യാവശ്യ പ്രവൃത്തികൾ, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. കൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുവാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശത്തിന് പ്രസ്തുത വിഷയം ശ്രദ്ധിക്കാമെന്ന് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ മറുപടി നൽകി.

5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പ്രധാന ജില്ലാതല റോഡുകൾ - പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും സ്ഥലമേറ്റെടുക്കലിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-98-16—റോഡുകളും പാലങ്ങളും - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മറ്റ് ജില്ലാതല റോഡുകൾ - പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-86-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ- മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (പാലങ്ങൾ) - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-86-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (പാലങ്ങൾ) -വൻകിട മരാമത്തുപണികൾ

അഴിമാവ്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 2.6 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - റോഡ് പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ പുനർനിർമ്മാണത്തിനുമായി 650 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും- റോഡ് പണികൾ - മറ്റു ജില്ലാതല റോഡുകൾ-പുതിയ പണികൾ - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതിയ പ്രവൃത്തികൾക്കും വേണ്ടി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - റോഡ് പണികൾ - മറ്റു ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-92— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - റോഡ് പണികൾ - മലയോര ഹൈവേ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-89-16 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - റോഡ് പണികൾ - ശബരിമല റോഡ് പ്രോജക്ട് - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 125 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-80 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - റോഡ് പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം

വിവിധ ജില്ലകളുടെ എൽ.എ.ആർ. കേസുകളുടെ തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-001-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - ഭരണവും നടത്തിപ്പും - 3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വിഹിതം

എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് വിഹിതയിനത്തിൽ ഈ ശീർഷകത്തിൽ 198 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്താമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-004-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - ഗവേഷണം- ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും.

ഡിസൈൻ ഓഫീസ്, കെ.എച്ച്.ആർ.ഐ, ക്വാളിറ്റി കൺട്രോൾ കാര്യാലയങ്ങളുടെ അടിസ്ഥാന വികസനം, ഉപകരണങ്ങൾ ലഭ്യമാക്കൽ, കമ്പ്യൂട്ടർ & സോഫ്റ്റ്‌വെയർ ലഭ്യമാക്കൽ, പൈലറ്റിംഗ് പ്രോജക്ട്സ് ലാബിന്റെയും കെട്ടിടത്തിന്റെയും വിപുലീകരണം,

ഓഫീസ് ഫർണിച്ചറുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-052-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ- യന്ത്രോപകരണങ്ങൾ - 3054 റോഡുകളും പാലങ്ങളും എന്ന കണക്കിനത്തിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-99 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - റെയിൽവേ സുരക്ഷിതത്വ പണികൾ- റെയിൽവേ സുരക്ഷിതത്വ പണികൾ

K-rail 2 ROB/RUB നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജനറൽ - റെയിൽവേ സുരക്ഷിതത്വ പണികൾ - പുതിയ റെയിൽവേ മേൽപ്പാലത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ.

K-rail നിർമ്മാണം നടന്ന് വരുന്ന 20 ROB/RUB -യുടെ ഭൂമി ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 54 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-337-88-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ- റോഡ് പണികൾ- പ്രളയബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റ് ചെലവുകൾ- റെയിൽവേ സുരക്ഷിതത്വ പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും ആർ.ബി.ഡി.സി.കെ. യുടെ മേൽനോട്ടത്തിൽ കാഞ്ഞങ്ങാട്, ഫറോക്ക്, കാരിത്താസ് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-71—റോഡുകളും പാലങ്ങളും - ജനറൽ - മറ്റ് ചെലവുകൾ - കൊച്ചിയിൽ സീപോർട്ട് -എയർ പോർട്ട് റോഡിന്റെ നിർമ്മാണം.

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-69—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റ് ചെലവുകൾ- സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി

പാക്കേജ് - എ, പാക്കേജ് - ബി എന്നിവയുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കിയ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളോടനുബന്ധിച്ച് യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, പൈപ്പുകൾ മാറ്റുക തുടങ്ങിയ പണികൾ നടത്തുന്നതിന് കൺസെഷണെയർമാർക്ക് കരാർപ്രകാരം ആന്വിറ്റി നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.8857 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-68—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റ് ചെലവ്- പി.പി.പി. (അന്വിറ്റി) നടപ്പാക്കൽ റോഡ് സംരക്ഷണം

RICK-ന്റെ മേൽനോട്ടത്തിൽ പാക്കേജ്-എ, പാക്കേജ് ബി എന്നിവയിലായി പൂർത്തിയാക്കിയ റോഡുകളുടെ കൺസെഷണെയർമാർക്ക് കരാർ പ്രകാരം അന്വിറ്റി നൽകുന്നതിന് ഈ ശീർഷകത്തിൽ 10.3757 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

തുറമുഖങ്ങൾ എന്ന ധനാഭ്യർത്ഥനയിൽ 3051, 5051 എന്നീ രണ്ട് ശീർഷകങ്ങളാണുള്ളതെന്നും കേരള മാരിടൈം ബോർഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേ, ഹാർബർ എഞ്ചിനീയറിംഗ് എന്നീ

വിഭാഗങ്ങൾക്കാണ് പ്രസ്തുത ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടുള്ളതെന്നും തുറമുഖ വകുപ്പ് സെക്രട്ടറി ആമുഖമായി പറഞ്ഞു.

**3051- തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും**

3051-02-001-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - പോർട്ട് ഡയറക്ടറേറ്റ്

കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം ഓഫീസിലെ ജീവനക്കാരുടെ TA, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-97—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും-സെൻട്രല് വർക്ക്ഷോപ്പും സ്റ്റോഴ്സ് ഓർഗനൈസേഷൻ സ്ഥാപിക്കലും

ടഗ്ഗുകൾ, ബാർജ്ജുകൾ, മറ്റ് ജലവാഹനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നീണ്ടകരയിലും ബേപ്പൂരിലും പ്രവർത്തിക്കുന്ന വർക്ക്ഷോപ്പിലെ ജീവനക്കാരുടെയും തുറമുഖ ഡയറക്ടറേറ്റിൽ ചീഫ് മെക്കാനിക്കൽ എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും യാത്രാബത്ത, ടെലിഫോൺ ചാർജ്ജ്, മറ്റിനങ്ങൾ, അദർ ഐറ്റംസ് അദർ ചാർജ്ജസ് എന്നീ ശീർഷകങ്ങളിലായി 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - പോർട്ടാഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടാഫീസർമാരുടെ ഓഫീസുകളിലേയും മറ്റ് സബ് ഓഫീസുകളിലേയും ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ഓവർടൈം അലവൻസ്, ദിവസവേതനം, യാത്രാ ചെലവുകൾ, ടെലിഫോൺ ചാർജ്ജുകൾ, വാടക, കരം, നികുതി, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ -തുറമുഖ കാര്യാന്വേഷണം - അന്വേഷണവും രക്ഷാനടപടിയും

കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, ജലവാഹനങ്ങൾക്കുള്ള ഇന്ധനചെലവ്, പി.ഒ.എൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-97—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഡ്രെഡ്ജിംഗ് യൂണിറ്റ്</u>

തുറമുഖങ്ങളിലെ അത്യാവശ്യ മണ്ണുമാന്തൽ പ്രവർത്തനത്തിനു വേണ്ടിയുള്ള ഗ്രാബ് ഡ്രെഡ്ജറുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ അലവൻസ്, യാത്രാബത്ത, മറ്റിനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-04-1—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - യാത്രാ ചെലവുകൾ - യാത്രാബത്ത</u>

യാത്രാബത്തയ്ക്കായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-1—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

വെള്ളക്കരത്തിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-2—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവുംനടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

വൈദ്യുതി ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-3—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u>

ടെലിഫോൺ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മറ്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-06—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - വാടക, കരം നികുതി

വാടക, കരം, നികുതി ഇനത്തിലായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-12—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പന്റുകൾക്കുമായ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-21-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 4.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-45—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - പി.ഒ.എൽ.

പി.ഒ.എൽ. ഇനത്തിനായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-101-98—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്</u>

ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-99—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഡ്രെഡ്ജിംഗും സർവ്വേയിങ്ങും- ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം</u>

ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, പി.ഒ.എൽ., മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയ്ക്കായി ഈ ശീർഷകത്തിൽ യഥാക്രമം 12 ലക്ഷം, 1 ലക്ഷം, 1 ലക്ഷം എന്നിങ്ങനെ ആകെ 14 ലക്ഷംരൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-96—<u>തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും - ചെറുകിടതുറമുഖങ്ങൾ - ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഹൈഡ്രോഗ്രാഫിക് സർവ്വേ മൺസൂണിനു മുൻപും പിൻപും ഉള്ള മണ്ണുമാന്തലിന്റെ നിരീക്ഷണം</u>

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-80-800-94—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ജനറൽ-പൊതുവായ - HSW യിലെ ഡിജിറ്റൽ ഗവർണൻസ്</u>

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിൽ ഡിജിറ്റൽ ഗവേർണൻസിനായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 5051 - തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്

5051-80-001-98—<u>തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ- ഭരണവുംനടത്തിപ്പും - തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിൽനവീകരണം, ഗവേഷണം, വികസനം</u>

പുതിയപ്രവൃത്തികൾക്കായും കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5051-80-001-93—<u>തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ - എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - ഭരണവും നടത്തിപ്പും - ഹൈഡ്രോഗ്രാഫിക്ക് സർവ്വേ വിംഗിന്റെ കീഴിലുള്ള ബോട്ട് ഷെൽട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണവും</u>

ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ കീഴിലുള്ള ബോട്ട് ഷെൽട്ടേഴ്സ് ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5051-80-800-75—<u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - നിരീക്ഷണ കപ്പലുകളുടെ നവീകരണം</u>

പുതിയ വെസലിന്റെ സ്റ്റേജ് പേയ്മെന്റിനും 2 വെസലുകളുടെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5051-80-800-72—<u>തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - ഇരവിപുരം പരവൂർ തീരദേശ റോഡ്</u>

ബിൽ കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അഴീക്കൽ പോർട്ടുമായി ബന്ധപ്പെട്ട '5051-80-190-97 (01)' എന്ന ശീർഷകം അടുത്ത യോഗത്തിൽ പരിഗണിക്കാമെന്ന് ചെയർമാൻ നിർദ്ദേശിച്ചു.

ഉച്ചയ്ക്കുശേഷം 1.15 ന് യോഗം പിരിഞ്ഞു.

# 29-6-2021 ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2021 ജൂൺ 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ വീഡിയോ കോൺഫറൻസ് മുഖേനയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു നേരിട്ടും യോഗത്തിൽ പങ്കെടുത്തു.

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. പ്രമോദ് നാരായൺ, "
3. ശ്രീ. കെ. പ്രേംകുമാർ, "
4. ശ്രീ. വി. ആർ. സുനിൽ കുമാർ, "

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം</u>

ശ്രീ. പി. പി. സുമോദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്.
2. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ശ്രീ. അനിൽ കാന്ത്, റോഡ് സേഫ്റ്റി കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി.
4. ശ്രീമതി മിനി എം. അഡീഷണൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്.
5. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ.
7. ശ്രീ. എൽ. രാധാകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ & സി.ഇ.ഒ., മലബാർ ഇന്റർനാഷണൽ പോർട്ട് & സീസ് ലിമിറ്റഡ്.
8. ശ്രീ. പ്രശാന്ത് എൻ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ.
9. ശ്രീ. ടി. ഇളങ്കോവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി.
10. ശ്രീ. എം. ആർ. അജിത് കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ് .
11. ശ്രീമതി വിജയശ്രീ കെ. എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.
12. ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
13. ശ്രീ. അനിൽ കുമാർ എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
14. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹ നവകുപ്പ്.
15. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്.
16. ശ്രീ. ജയകുമാർ പി., പ്രോജക്റ്റ് ഡയറക്ടർ, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.
17. ശ്രീ. ആനന്ദ് ഇളമൺ, ചീഫ് ജനറൽ മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.റ്റി.എൽ).
18. ഡോ. ജയസുധ ജെ. എസ്., പ്രിൻസിപ്പാൾ (ഇൻ -ചാർജ്ജ്), ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്.
19. ശ്രീ. ഷിബി എബ്രഹാം, അണ്ടർ സെക്രട്ടറി, തുറമുഖ വകുപ്പ്.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥൻ</u>

ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്.

സമിതി, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി XL (തുറമുഖങ്ങൾ), XLI (ഗതാഗതം), IX (വാഹന നികുതികൾ) എന്നീ ധനാഭ്യർത്ഥനകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നം. XL (തുറമുഖങ്ങൾ)

**അഴീക്കൽ പോർട്ട് ലിമിറ്റഡ് ഗ്രീൻ ഫീൽഡ് ഫീഡർ പോർട്ടിന്റെ നവീകരണം**

5051-80-190-97(01)—തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള മൂലധന നിക്ഷേപം - അഴീക്കൽ പോർട്ട് ലിമിറ്റഡ് - ഗ്രീൻ ഫീൽഡ് ഫീഡർ പോർട്ടിന്റെ നവീകരണം

ഗ്രീൻ ഫീൽഡ് ഫീഡർ പോർട്ടിന്റെ നവീകരണത്തിന്റെ ഭാഗമായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, പാരിസ്ഥിതിക പഠനം, തുറമുഖാധിഷ്ഠിത സെസ്/വ്യവസായ മേഖല എന്നിവയുടെ വികസനം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ

**2041 – വാഹന നികുതികൾ**

2041-00-001-99-01-4—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ -ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, വെഹിക്കിൾസ് ഇൻസ്പെക്ടർമാർ, ഡ്രൈവർമാർ എന്നിവർ ഒഴികെയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-3—വാഹനനികുതികൾ-നടത്തിപ്പുംഭരണവും-ഭരണച്ചെലവുകൾ ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്.

മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സേവനങ്ങളുടെ ഭാഗമായി അധികചെലവ് പ്രതീക്ഷിക്കുന്നതിനാൽ ടെലിഫോൺ ചെലവ് ഇനത്തിൽ 4 ലക്ഷം രൂപ അധികമായ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-4—വാഹനനികുതികൾ - നടത്തിപ്പുംഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചിരിക്കുന്നതിനാൽ മോട്ടോർ വാഹന നികുതി അടച്ചതിന് തെളിവായി നൽകേണ്ട ടാക്സ് ടോക്കൺ, വിവിധയിനം സേവനങ്ങൾക്ക് പൊതുജനം പണം അടയ്ക്കുമ്പോൾ നൽകുന്ന സുരക്ഷാ കോഡ് ഉൾപ്പെടുത്തിയ രസീത് എന്നിവയുടെ പ്രിന്റിംഗ് ചാർജ്ജ്, വകുപ്പിന് ആവശ്യമായ ഫർണിച്ചർ, സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് എന്നിവയ്ക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-06—<u>വാഹന നികുതികൾ - നടത്തിപ്പുംഭരണവും - ഭരണച്ചെലവുകൾ - വാടക, കരം, നികുതി.</u>

മധ്യമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ ഓഫീസുകൾ, തിരുവനന്തപുരം, ആറ്റിങ്ങൽ, പത്തനംതിട്ട, മൂവാറ്റുപുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ എന്നിവയുടെ വാടകയിനത്തിൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-96—<u>വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്</u>

മോട്ടോർ വാഹന വകുപ്പിലെ ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS (Facility Management Service) ചാർജ്ജുകൾ നൽകുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മൊബൈൽ ആപ്പുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-06—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന - വാടക, കരം, നികുതി.</u>

സ്വകാര്യ വാടക കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും വാടക നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-21-2—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-45—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

'അപകട രഹിത നിരത്തുകൾ' എന്ന ആശയം പല ലോകരാജ്യങ്ങളിലും ഉണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, കേരളത്തിൽ ഡ്രൈവർമാരുടെയും യാത്രക്കാരുടെയും സുരക്ഷയ്ക്കായി സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് മോട്ടോർ വാഹന വകുപ്പ് പഠനം നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞു. 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകളും എല്ലാ റോഡുകളിലും ക്യാമറകളും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതായും അമിത വേഗത, വ്യാജ നമ്പർ പ്ലേറ്റ് ഉപയോഗിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഒരുക്കുന്നതെന്നും 77 ശതമാനം വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായും ട്രാൻസ്പോർട്ട് കമ്മീഷണർ മറുപടി നൽകി. എന്നാൽ മറ്റ് സംസ്ഥാനങ്ങൾ വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിൽ പിന്നിലാണെന്നും അന്യസംസ്ഥാന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധന നടത്താറുണ്ടോയെന്നും സമിതി ആരാഞ്ഞു. ജി.പി.എസ്. ഘടിപ്പിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ പിടികൂടുന്നില്ലായെന്നും ബഹു. കേരള ഹൈക്കോടതി ഇക്കാര്യത്തിൽ ഇടപെട്ട് എല്ലാ വാഹനങ്ങളിലും ജൂൺ 30-ന് മുൻപ് ജി.പി.എസ്. ഘടിപ്പിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുള്ളതായും കെ.എസ്.ആർ.ടി.സിക്ക് മാത്രമാണ് ഇളവുള്ളതെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ മറുപടി നൽകി.

റോഡ് അപകടങ്ങൾ കുറയ്ക്കാൻ വേണ്ടി രൂപീകരിച്ചിട്ടുള്ള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഇടപെടലുകൾ കാര്യക്ഷമമാണോയെന്ന് സമിതി ആരായുകയും തുടർന്ന് അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കേരള റോഡ് സേഫ്റ്റി അതോറിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ വിശദമാക്കുകയും ചെയ്തു. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ വർഷത്തിൽ രണ്ട് പ്രാവശ്യം യോഗങ്ങൾകൂടി തീരുമാനങ്ങൾ എടുക്കാറുള്ളതായും 40 ശതമാനത്തോളം വാഹനാപകടങ്ങൾ കുറഞ്ഞിട്ടുള്ളതായും നിലവിൽ കണ്ടെത്തിയിട്ടുള്ള 238 ബ്ലാക്ക് സ്പോട്ടുകൾ നേരെയാക്കിയാൽ വാഹനാപകടങ്ങളും മരണങ്ങളും കുറയ്ക്കാൻ സാധിക്കുമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട കേന്ദ്രവിഹിതം ലഭിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. പദ്ധതികൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് ലഭ്യമാകുന്നതെന്നും പദ്ധതി തയ്യാറാക്കുന്നതേയുള്ളൂവെന്നും കേരള റോഡ് സേഫ്റ്റി അതോറിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട കേന്ദ്രവിഹിതം ലഭിക്കുന്നതിനായി ഒരു മാസത്തിനകം പദ്ധതി സമർപ്പിക്കണമെന്ന് കേരള റോഡ് സേഫ്റ്റി അതോറിറ്റി കമ്മീഷണർക്ക് സമിതി നിർദ്ദേശം നല്കി.

## XLI - ഗതാഗതം

### 3055 – റോഡ് ഗതാഗതം

3055-00-800-95—<u>റോഡ് ഗതാഗതം - മറ്റു ചെലവുകൾ - കേരള റോഡ് സുരക്ഷ ഫണ്ടിലേക്ക് മാറ്റൽ</u>

കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് യഥാസമയം ഫണ്ട് ലഭിക്കാത്തത് റോഡ് സുരക്ഷാ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 36.95 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

റോഡ് സേഫ്റ്റി അതോറിറ്റിക്ക് അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നില്ലായെന്നും പ്രസ്തുത ഫണ്ട് വിവിധ വകുപ്പുകൾ അവരുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായും ആയതിനാൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ജില്ലാതലത്തിലുള്ള കൗൺസിലുകൾ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ജില്ലാതലത്തിലുള്ള കൗൺസിലുകൾ ഫലപ്രദമായി പ്രവർത്തിക്കാത്തതായി സബ്ജക്ട് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കൗൺസിലുകൾ പുനഃസംഘടിപ്പിക്കുന്നതിനായി കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

### 3056 – ഉൾനാടൻ ജലഗതാഗതം

3056-00-001-99-05-1—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കേന്ദ്രകാര്യാലയം, ഡോക്ക് ആന്റ് റിപ്പയർ വിഭാഗം, മേഖലാ ഓഫീസുകൾ എന്നിവിടങ്ങളിലെ വെള്ളക്കരത്തിനായി ഈ ശീർഷകത്തിൽ 75000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-3—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്</u>

വകുപ്പിലെ നിലവിലുള്ള ബ്രോഡ്ബാന്റ്, സി.യു.ജി കണക്ഷനുകൾക്കുൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 50000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-21-2—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിലെ മൂന്ന് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 50000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-02-5—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വേതനം - ദിവസവേതനം

പുതുതായി സർവ്വീസ് ആരംഭിക്കുന്ന ബോട്ടുകൾ താല്ക്കാലിക ജീവനക്കാർ മുഖേന പ്രവർത്തിപ്പിക്കേണ്ടതിനാലും ദിവസവേതനനിരക്കിൽ വർദ്ധനവ് വന്നിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-06—ഉൾനാടൻ ജലഗതാഗതം - ഭരണവുംനടത്തിപ്പും - ഓപ്പറേഷൻ - വാടക, കരം, നികുതി

വാടക, കരം, നികുതി ഇനത്തിലെ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-34-3—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ-മറ്റിനം

വിവിധ ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-45—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - പി.ഒ. എൽ.

വകുപ്പിന്റെ ഇന്ധനച്ചെലവുകൾക്കും പുതുതായി സർവ്വീസ് ആരംഭിക്കുന്ന കാറ്റാമറൈൻ ബോട്ടുകളുടെ പ്രവർത്തനത്തിനുള്ള ചെലവുകൾ നേരിടുന്നതിനുമായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-19—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ

ഡ്രൈഡോക്ക്, സ്ലീപ്‌വേ സംവിധാനങ്ങൾക്ക് സ്പെയർ പാർട്സുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-800-99-34-3—ഉൾനാടൻ ജലാഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റിനം

ബോട്ടുകളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ്, ജി.പി.എ. ഇൻഷ്വറൻസ് പ്രീമിയം എന്നിവ അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

### 3075- മറ്റു ഗതാഗത സർവ്വീസുകൾ

3075-60-001-98-01-4—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽ നോട്ടം - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് കുടിശ്ശിക നല്കുന്നതിനായി ഈ ശീർഷകത്തിൽ 1.62 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-21-2—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി കൂടുതൽ യാത്രകൾ നടത്തേണ്ടി വരുന്നതും വാഹനത്തിന്റെ കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾ നടത്തേണ്ടി വരുന്നതും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവും മൂലം ഉണ്ടായ അധിക ചെലവിനായി ഈ ശീർഷകത്തിൽ 55,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ 555 കിലോമീറ്ററോളം ഭാഗത്തെ കനാലുകളുടെയും അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൊല്ലം - കോട്ടപ്പുറം ജലപാതയിലെ കൊല്ലം - ചവറ മേഖലയിൽ പലയിടത്തും ഡ്രാഫ്റ്റ് 0.6 മീറ്ററിൽ താഴെയാണെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത ജലപാത ജലഗതാഗതത്തിന് യോഗ്യമാണെന്ന് പറയുന്നതെങ്ങനെയെന്ന് ആരാഞ്ഞു. ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ് കൊല്ലം - കോട്ടപ്പുറം ജലപാതയുടെ പ്രവൃത്തികൾ ചെയ്യുന്നതെന്നും പല തവണ ഡ്രെഡ്ജ് ചെയ്തെങ്കിലും മണ്ണ് അടിയുന്നതാണ് പ്രശ്നമെന്നും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി. ഏറ്റവും കുറഞ്ഞത് 2 മീറ്ററെങ്കിലും ഡ്രാഫ്റ്റ് ആവശ്യമുള്ള പലയിടങ്ങളിലും ഡ്രാഫ്റ്റ് 0.6 മീറ്റർ മാത്രമാണുള്ളതെന്നും പാറകളുടെ പ്രശ്നവുമുണ്ടെന്നും ഈ പ്രശ്നം ഗൗരവമായി പരിശോധിക്കേണ്ടതാണെന്നും ഐ.ഡബ്ല്യു.എ.ഐയ്ക്ക് ഡ്രാഫ്റ്റ് മാറ്റുന്നതിന് കൂടുതൽ സമയം വേണ്ടിവരുമെന്നും സമിതി വിലയിരുത്തി.

കൊല്ലം - ചവറ ജലപാതയിൽ പരിശോധന നടത്തി ഡ്രാഫ്റ്റ് കുറവുള്ള പ്രദേശങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി ഐ.ഡബ്ല്യു.എ.ഐയ്ക്ക് സമർപ്പിക്കാമെന്ന് ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചപ്പോൾ അതിന് കാലതാമസമുണ്ടാകാൻ ഇടയുള്ളതിനാൽ സംസ്ഥാനതലത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് സമിതി ആരാഞ്ഞു. ഫൈബർ ഗ്ലാസ്/എഫ്.ആർ.പി. ബോട്ടുകൾ ഉപയോഗിച്ച് പ്രസ്തുത പാതയിലൂടെ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ എഞ്ചിനീയർമാർ പരിശോധന നടത്താമെന്ന് കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. സമയബന്ധിതമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

കൊല്ലം മുതൽ വള്ളക്കടവ് വരെയുള്ള ഭാഗങ്ങളുടെ പുനരുദ്ധാരണവും പുനരുജ്ജീവിപ്പിക്കലും KWIL (കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ച്ചർസ് ലിമിറ്റഡ്) എന്ന ഏജൻസിയാണ് ചെയ്യുന്നതെന്നും ഏപ്രിൽ, മേയ് മാസങ്ങളിൽ കോവിഡ് രൂക്ഷമായതിനാൽ പണി നിർത്തിവച്ചിരിക്കുകയാണെന്നും കൊല്ലം മുതൽ വള്ളക്കടവ് വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയും KWIL- നെയാണ് ഏല്പിച്ചിരിക്കുന്നതെന്നും വള്ളക്കടവിനുശേഷം കോവളത്തേക്ക് പോകുന്ന പനത്തുറ ഭാഗത്ത് കുറേ ഭാഗങ്ങൾ തകരാറിലായതായും കുറേ ഭാഗങ്ങൾ കടലിനോട് ചേർന്ന് പോയതായും അവിടെ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സി.എസ്.ഐ.എൻ. വകുപ്പാണ് ചെയ്യേണ്ടതെന്നും സി.എസ്.ഐ.എൻ. അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൊല്ലം - ചവറ, ചവറ – കോട്ടപ്പുറം ജലപാതകളിൽ ഡ്രാഫ്റ്റ് കുറവുള്ള പ്രദേശങ്ങൾ കണ്ടെത്തി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ ജലപാതയുടെ കൊല്ലം - വള്ളക്കടവ്, വള്ളക്കടവ് - കോവളം ഭാഗത്തിന്റെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

വർക്കല തുരപ്പ് ജലഗതാഗതത്തിന് യോഗ്യമായോ എന്ന് സമിതി ആരാഞ്ഞു. വർക്കല തുരപ്പിൽ വെള്ളം നിറച്ചാൽ ബോട്ട് പോകുമെന്നും തുരപ്പിന്റെ ഇരുവശങ്ങളിലെയും മുൻഭാഗം വൃത്തിയാക്കാനുണ്ടെന്നും ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ മറുപടി നൽകി. വർക്കല തുരപ്പിലൂടെ ജലഗതാഗതം സാധ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

5075-60-800-58—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ-മാഹി മുതൽ വളപട്ടണം വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലുകളുടെയും ഫീഡർ കനാലുകളുടെയും മെച്ചപ്പെടുത്തൽ</u>

വെസ്റ്റ്കോസ്റ്റ് കനാലിന്റെ ഭാഗമായുള്ള മാഹി വളപട്ടണം സ്ട്രെച്ചിന്റെ ഇനിയും പൂർത്തീകരിക്കാനുള്ള ഭാഗത്തിന്റെ സ്ഥലമേറ്റെടുപ്പിനായി ഈ ശീർഷകത്തിൽ 16.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 5055 - റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5055-00-800-79—<u>റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും</u>

700 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിലേയ്ക്കായി 455 കോടി രൂപയും 3000 ഡീസൽ ബസ്സുകളെ സി.എൻ.ജി. ബസ്സുകൾ ആക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 100 കോടി രൂപയും ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 സി.എൻ.ജി. ബസുകളിൽ 300 എണ്ണം മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും കെ.എസ്.ആർ.ടി.സി - സ്വിഫ്റ്റ് രൂപീകരിക്കുന്നമുറയ്ക്ക് ബാക്കിയുള്ള 700 സി.എൻ.ജി. ബസുകൾ കിഫ്ബി മുഖാന്തിരം അനുവദിക്കുമെന്നാണ് പറഞ്ഞിരുന്നതെന്നും ആയത് പ്രകാരം കിഫ്ബിയെ സമീപിച്ചപ്പോൾ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കില്ലെന്നാണ് കിഫ്ബി അറിയിച്ചിരിക്കുന്നതെന്നും ഗതാഗത സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ 3000 ഡീസൽ ബസുകൾ സി.എൻ.ജി. യിലേക്ക് മാറ്റിയാൽ മാത്രമേ കെ.എസ്.ആർ.ടി.സി-ക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിലെ പൊതു ശൗചാലയങ്ങളുടെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞു. 17 സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ശൗചാലയങ്ങൾ നവീകരിക്കുന്നതായും സ്ത്രീകൾക്ക് താമസിക്കാനുള്ള ഷീ ലോഡ്ജ് നിർമ്മിക്കാനാണ് മുൻഗണന നൽകുന്നതെന്നും 94 ഡിപ്പോകളിൽ ഷീ ലോഡ്ജ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതായും 30 - 35 ലക്ഷം രൂപയോളം മുതൽ മുടക്കിയാൽ മാത്രമേ ആധുനിക രീതിയിലുള്ള

ശൗചാലയങ്ങൾ നിർമ്മിക്കാൻ കഴിയുകയുള്ളൂവെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ആവശ്യത്തിന് സി.എസ്.ആർ. ഫണ്ട് ലഭിക്കില്ലേയെന്ന് സമിതി ആരാഞ്ഞപ്പോൾ യൂണിഫോമിനായി 50 ലക്ഷം രൂപ എണ്ണക്കമ്പനികൾ നൽകിയിട്ടുള്ളതായും 65 സ്ഥലങ്ങളിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായും 8 സ്ഥലങ്ങളിൽ ഭാരത് പെട്രോളിയവുമായും സഹകരിച്ച് ശൗചാലയ സംവിധാനം ഒരുക്കുന്നതായും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

### 5056 – ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5056-00-190-90—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതു മേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി സംയോജിത ജലഗതാഗത പദ്ധതി</u>

കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കലിനും സിവിൽ ജോലികൾക്കുമായി ഈ ശീർഷകത്തിൽ 72.3 കോടി രൂപ ധനപുനഃവിനിയോഗ/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 5075 – മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്

5075-60-190-96—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ – പൊതു മേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്</u>

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചാലുടനെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ– മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി</u>

കൊച്ചി മെട്രോയുടെ വിവിധ നികുതി ഇളവ്/കീഴ്ക്കടം/വായ്പ തിരിച്ചടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 667.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-59—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - മോട്ടോർരഹിത ഗതാഗതം (EAP)

മോട്ടോർ രഹിത ഗതാഗത പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 70.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 29-6-2021-ലെ യോഗത്തിൽ ഹാജരാകാത്തതിനാൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുന്ന 7-7-2021-ന് പ്രസ്തുത ഉദ്യോഗസ്ഥരോട് ഹാജരാകാൻ സമിതി നിർദ്ദേശിച്ചു.

## കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്

5075-60-190-94(1)—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള പരിപ്രേഷ്യ പദ്ധതി 2030 ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ - കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭനടപടികൾക്കു കൺസൾട്ടൻസി ഫീസിനത്തിലും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 56.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ നടപടികൾക്കും കൺസൾട്ടൻസി ഫീസിനത്തിലുമായിട്ടാണ് അധിക തുക ആവശ്യമായി വരുന്നതെന്ന് പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ പദ്ധതിരേഖ മാത്രമേ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന് ലൈറ്റ് മെട്രോയും കൊച്ചി മെട്രോയും തമ്മിലുള്ള വ്യത്യാസം സമിതി ആരാഞ്ഞു. ഭൂപ്രകൃതിയനുസരിച്ച് തിരുവനന്തപുരത്ത് ധാരാളം വളവുകളും തിരിവുകളുമുള്ളതിനാലാണ് ചെറിയ കോച്ചുകൾ ഉപയോഗിക്കുന്നതെന്നും ജനസംഖ്യയനുസരിച്ച് മെട്രോയ്ക്കുള്ള പ്രായോഗികത തിരുവനന്തപുരത്ത് ഇല്ലെന്നും വിവിധ സ്ഥലങ്ങളിലെ കുത്തനെയുള്ള കയറ്റങ്ങളും കണക്കിലെടുത്താണ് ലൈറ്റ് മെട്രോ തെരഞ്ഞെടുത്തതെന്നും ചെറിയ കോച്ചുകൾ, വളയാനും തിരിയാനുമുള്ള സൗകര്യം, കുറഞ്ഞ ചെലവ് എന്നിവയാണ് ലൈറ്റ് മെട്രോയുടെ പ്രത്യേകതയെന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് ജനറൽ മാനേജർ മറുപടി നൽകി. പാർക്കിംഗ് സൗകര്യം കണക്കിലെടുത്താണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്നും പൈതൃക കെട്ടിടങ്ങളുടെ മുൻപിൽ ഭൂഗർഭ പാതയാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

5075-60-800-66—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ - ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ

സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും നിർമ്മാണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 300 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സിൽവർ ലൈൻ പാത നിർമ്മിക്കുന്നത് ഏതുവരെയെന്നും പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയെന്നും സമിതി ആരാഞ്ഞു. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയാണ് സിൽവർലൈൻ പാത വിഭാവനം ചെയ്തിരിക്കുന്നതെന്നും പദ്ധതിയുടെ മൊത്തം ചെലവ് 64000 കോടി രൂപയാണെന്നും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരവും ഭൂമി ഏറ്റെടുക്കലിനുള്ള നടപടികളുമായി മുന്നോട്ട് പോകാൻ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ അനുവാദവും ലഭിച്ചിട്ടുള്ളതായും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രോജക്റ്റ് ഡയറക്ടർ മറുപടി നൽകി.

### 5075-60-190-93, 5075-60-190-92

5075-60-190-93—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ - ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ

തലശ്ശേരി-മൈസൂർ റെയിൽ പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും സർവ്വേ നടത്തിപ്പിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-190-92—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ - ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ

നിലമ്പൂർ - നഞ്ചൻഗുഡ് റെയിൽപദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനും സർവ്വേ നടത്തിപ്പിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തലശ്ശേരി - മൈസൂർ, നിലമ്പൂർ - നഞ്ചൻഗുഡ് റെയിൽ പദ്ധതികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നത് സംബന്ധിച്ച് ധാരണ ആയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് കർണ്ണാടക സർക്കാരിന്റെ തടസ്സവാദങ്ങൾ സർക്കാർ തലത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതാണെന്നും രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കം ആയതിനാലാണ് ഇത്രയധികം കാലതാമസമുണ്ടാകുന്നതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾക്കുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി അറിയിച്ചുകൊണ്ടുള്ള കത്ത് കർണ്ണാടക സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രോജക്ട് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത പദ്ധതികളുടെ കാര്യത്തിൽ കർണ്ണാടക സർക്കാർ ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുന്ന സാഹചര്യത്തിൽ ഈ പദ്ധതികൾ പ്രായോഗികമാകുവാനുള്ള സാധ്യത തീർത്തും കുറവാണെന്നും മുടക്കുന്ന പണം പാഴാകുവാൻ കൂടുതൽ സാധ്യതയുണ്ടെന്നും അഭിപ്രായപ്പെട്ട സമിതി, സംസ്ഥാനങ്ങൾ തമ്മിൽ നടത്തുന്ന പ്രസ്തുത ചർച്ചയുടെ അന്തിമ തീരുമാനം സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് നിർദ്ദേശിച്ചു.

## 7055 - റോഡ് ഗതാഗതത്തിനുള്ള വായ്പകൾ

7055-00-190-99—<u>റോഡ് ഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ</u>

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനായി ഈ ശീർഷകത്തിൽ 1258.78 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### സമിതിയുടെ അധിക ശിപാർശ

<u>മുടങ്ങി കിടക്കുന്ന വാണിജ്യ സമുച്ചയങ്ങളുടെ പണി പൂർത്തീകരിക്കുന്നതിന്</u>

കെ.എസ്.ആർ.ടി.സിയുടെ കോഴിക്കോടുള്ള വാണിജ്യ സമുച്ചയം അടുത്ത മാസം തുറക്കുവാനും തൊടുപുഴയിലെ വാണിജ്യ സമുച്ചയം ഒക്ടോബർ 2-ാം തീയതി ഉദ്ഘാടനം ചെയ്യാൻ കഴിയുന്ന രീതിയിലും ഷെഡ്യൂൾ ആയിട്ടുള്ളതായും മലപ്പുറം, ഹരിപ്പാട് പദ്ധതികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയക്രമം ആയിട്ടുള്ളതായും കോട്ടയം ബസ് സ്റ്റാന്റ് പുതുക്കി പണിയുന്നതിനുള്ള തീരുമാനം ആയതായും ബഹു. ഗതാഗത മന്ത്രി സമിതിയെ അറിയിച്ചു.

കെ.എസ്.ആർ.ടി.സി. യുടെ കീഴിൽ വിവിധ സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങളുടെ പണി ആരംഭിച്ചുവെങ്കിലും ആയത് പൂർത്തിയാക്കാനാവാതെ മുടങ്ങികിടക്കുകയാണെന്ന് നിരീക്ഷിച്ച സമിതി, ആയവ പൂർത്തീകരിക്കുന്നതിന് പുതിയ ശീർഷകം അനുവദിച്ച് 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

5-7-2021-ന് ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 7-7-2021 ലേക്ക് മാറ്റുവാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 1.15 – ന് സമിതി യോഗം പിരിഞ്ഞു.

# 7-7-2021-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2021 ജൂലൈ 7-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിലും ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. പി. പി. സുമോദ്, "
3. ശ്രീ. വി. ആർ. സുനിൽ കുമാർ, "

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. പി. ടി. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
2. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
3. ശ്രീമതി ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമ ത്ത് വകുപ്പ്.
4. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.ടി.പി).
5. ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്.

6. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

7. ശ്രീ. ടി. പി. സലിംകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.

8. ശ്രീമതി ബീന എൽ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി).

9. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തുറമുഖ വകുപ്പ്.

10. ശ്രീ. ആനന്ദ് ഇളമൺ, ചീഫ് ജനറൽ മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.റ്റി.എൽ).

11. ശ്രീ. കുമാർ കെ. ആർ., ഡയറക്ടർ (ഫിനാൻസ്), കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

12. ശ്രീ. അനിൽ കുമാർ ജി., ജോയിന്റ് ജനറൽ മാനേജർ, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

13. ശ്രീമതി ഷേർളി ടി. ദാസ്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമ രാമത്ത് വകുപ്പ്.

14. ശ്രീ. സതീഷ് എൻ., സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥൻ</u>:

ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുമരാമത്ത്, തുറമുഖം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകൾ, കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട 2021-22-ലെ ധനാഭ്യർത്ഥനകൾ, 2021-22-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2020-21 സാമ്പത്തിക വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികകൾ

(ഫയൽ നം. 1576/സബ്.സി.എ 2/2020/നി.സെ)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട 11- 97, 139 എന്നീ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടിപത്രികകൾ

(ഫയൽ നം. 1576/സബ്.സി.എ 2/2020/നി.സെ)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട 98 - 121 ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട 2021-22-ലെ ധനാഭ്യർത്ഥനകൾ, 2021-22-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 9275/സബ്.സി.എ 2/2021/നി.സെ)

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി ബന്ധപ്പെട്ട 5056-00-190-90, 5075-60-190-96, 5075-60-800-83, 5075-60-800-59 എന്നീ ശീർഷകങ്ങൾ 29-6-2021-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും ശിപാർശകൾ നൽകുകയും ചെയ്തു. തദവസരത്തിൽ ഹാജരാകാതിരുന്ന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഉദ്യോഗസ്ഥരോട് 7-7-2021-ലെ യോഗത്തിൽ ഹാജരാകാൻ സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരായി സമിതിക്ക് ആവശ്യമായ വിവരങ്ങൾ നൽകി.

കൊച്ചി സംയോജിത ജലഗതാഗത പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ മെട്രോയ്ക്കുവേണ്ടി കൊച്ചിൻ ഷിപ്പ്‌യാർഡിന് 23 ബോട്ടുകളുടെ ഓർഡർ കൊടുത്ത് ആയത് ചെയ്തുവരികയാണെന്നും ജൂലൈ 5 -ന് ആദ്യ ബോട്ട് വൈറ്റില– കാക്കനാട് പാതയിൽ ഓടിത്തുടങ്ങുമെന്നും കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കലിനും സിവിൽ ജോലികൾക്കുമായാണ് 72.3 കോടി രൂപ ആവശ്യമുള്ളതെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വാട്ടർ മെട്രോയുടെ റൂട്ടിൽ ഡ്രാഫ്റ്റിന്റെ പ്രശ്നമുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ നിലവിൽ ബോട്ട് ഓടിക്കൊണ്ടിരിക്കുന്ന റൂട്ടായതിനാൽ ഡ്രാഫ്റ്റിന്റെ പ്രശ്നമില്ലെന്നും കൊച്ചിക്കുവേണ്ടി മാത്രം വിഭാവനം ചെയ്തിട്ടുള്ള സംയോജിത ജലഗതാഗത പദ്ധതി, ഭാവിയിൽ മറ്റ് സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാവുന്നതാണെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ബേക്കൽ - കോവളം ജലപാതയിൽ പലയിടങ്ങളിലും ഡ്രാഫ്റ്റ് ഒരു മീറ്ററിൽ താഴെയാണെന്നും ഏറ്റവും കുറഞ്ഞത് 2 മീറ്റർ ഡ്രാഫ്റ്റ് എങ്കിലും വേണമെന്നും പാത മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് നല്ലതാണെങ്കിലും ജലഗതാഗതയോഗ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് കൊച്ചി മെട്രോയുടെ വിവിധ നികുതി ഇളവ്/കീഴ്ക്കടം/വായ്പ തിരിച്ചടവ് എന്നിവയ്ക്കായി 667.66 കോടി രൂപയും കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചാലുടനെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി 100 കോടി രൂപയും മോട്ടോർ രഹിത ഗതാഗത പദ്ധതികൾക്കായി 70.46 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെടുകയും കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട വിവിധ ശീർഷകങ്ങളിൽ അധികമായി ആവശ്യപ്പെട്ട തുക അനുവദിക്കണമെന്ന ശിപാർശ അന്തിമ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി തീരുമാനിക്കുകയും ചെയ്തു.

സമിതി, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

4. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 10470/സബ്.സി.എ 2/2021/നി.സെ)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

5. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്.

(ഫയൽ നം. 9141/സബ്.സി.എ 2/2021/നി.സെ)

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

രാവിലെ 11.45-ന് യോഗം അവസാനിച്ചു.

## 28-9-2021-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2021 സെപ്റ്റംബർ 28-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിയുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു നേരിട്ടും ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ വീഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. കെ. പ്രേംകുമാർ, "
3. ശ്രീ. പി. പി. സുമോദ്, "
4. ശ്രീ. പി. ടി. തോമസ്, "

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.
2. ശ്രീ. വി. ആർ. സുനിൽ കുമാർ, "

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
2. ശ്രീ. എം. ആർ. അജിത്കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്.

3. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

4. ശ്രീ. അജിത്ത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

5. ശ്രീ. അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

6. ശ്രീമതി വിജയശ്രീ കെ. എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

7. ശ്രീമതി ജോസഫൈൻ കെ., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

8. ശ്രീമതി ഷൈല പി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീമതി പ്രീത ബി., ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

11. ശ്രീമതി ഉമാദേവി എസ്., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

12. ശ്രീമതി സിമി എ. എസ്., ഡെപ്യൂട്ടി സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

13. ശ്രീ. ടി. ഇളങ്കോവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി.

14. ശ്രീ. എച്ച്. ദിനേശൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.

15. ശ്രീ. ശ്യാം ഗോപാൽ,ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് & കുട്ടനാട് പാക്കേജ്.

16. ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ (എൻ.എച്ച്.), പൊതുമരാമത്ത് വകുപ്പ്.

17. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

18. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്.

19. ശ്രീ. ആനന്ദ് ഇളമൺ, ചീഫ് ജനറൽ മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.റ്റി.എൽ).

20. ശ്രീമതി ശാന്തി ജോസഫ് പി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

21. ശ്രീ. ഉല്ലാസ് ബാബു, ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ), കെ.എസ്.ആർ.ടി.സി.

22. ശ്രീ. രവീന്ദ്രൻ ആശാരി കെ., സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്.

23. ശ്രീ. സതീഷ്  എൻ., സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

24. ശ്രീ. വി. ആർ. അനിൽ കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ,ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

25. ശ്രീ. ജയശങ്കർ കെ. ജി., സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്.

26. ശ്രീ. ഗോപിനാഥ് ആർ., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്.

27. ശ്രീ. ജയകുമാർ ടി., അക്കൗണ്ട്സ് ഓഫീസർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥൻ</u>

ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്.

ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട കരട് ചട്ടം, വിവിധ വകുപ്പുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസ പത്രികകൾ, എസ്.ആർ.ഒ. എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

<u>കരട് ചട്ടത്തിന്റെ പരിഗണന</u>

1. <u>കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2021-ന്റെ കരട് പരിഗണന</u>

(ഫയൽ നം. 15315/സബ്.സി. എ 2/2021/നി.സെ.)

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്ത ഹർജിക്കാരിൽ നിന്നും ഒരു ഹിയറിംഗ് കൂടി നടത്തിയതിനുശേഷം മാത്രമേ കരട് ചട്ടത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളാവൂവെന്ന 10-9-2021-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് വന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഹിയറിംഗ് കഴിഞ്ഞതിനുശേഷമുള്ള സമിതിയോഗത്തിൽ വിഷയം പരിഗണിച്ചാൽ മതിയെന്ന് തീരുമാനിച്ചു.

<u>റിപ്പോർട്ടുകളുടെ പരിഗണന</u>

2. <u>2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന- 18-2-2020-ലെ സമിതി യോഗനിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.</u>

(ഫയൽ നം. 2214/സബ്.സി. എ 2/2020/നി.സെ.)

18-2-2020-ലെ സമിതി യോഗനിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. 24-2-2021-ലെ സമിതിയോഗം - പൊതുമരാമത്ത് വിഭാഗത്തിലെ കെട്ടിടം, നിരത്തും പാലങ്ങളും, ദേശീയപാത എന്നിവയുടെ അലോക്കേഷൻ തുക, റിലീസ് ചെയ്ത തുക, പെന്റിംഗ് ബിൽ തുക എന്നിവ സംബന്ധിച്ച് സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ പൊതുമരാമത്ത് (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നം. 2214/സബ്.സി. എ 2/2020/നി.സെ.)

പൊതുമരാമത്ത് വിഭാഗത്തിലെ കെട്ടിടം, നിരത്തും പാലങ്ങളും, ദേശീയപാത എന്നിവയുടെ അലോക്കേഷൻ തുക, റിലീസ് ചെയ്ത തുക, പെന്റിംഗ് ബിൽ തുക എന്നിവ സംബന്ധിച്ച് സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ പൊതുമരാമത്ത് (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

4. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശയിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നം. 3674/സബ്.സി. എ 2/2018/നി.സെ.)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 117-ലെ ശിപാർശ- കെ.എസ്.ആർ.ടി.സി. മുൻകയ്യെടുത്ത് പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും സി.എൻ.ജി. പമ്പ് ആരംഭിക്കണമെന്നതിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

5. 24-2-2021-ലെ സമിതിയോഗം - കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്ന പൊതുശിപാർശയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.

(ഫയൽ നം. 2574/സബ്.സി. എ 2/2012/നി.സെ.)

കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്ന പൊതുശിപാർശയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

6. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഘടന, ചുമതലകൾ, ഫണ്ട് വിനിയോഗം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് 27-9-2018, 25-11-2020 എന്നീ തീയതികളിൽ സമിതി നൽകിയ നിർദ്ദേശത്തിന്മേൽ ഗതാഗതം, ധനകാര്യം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ടുകൾ.

(ഫയൽ നം. 3772/സബ്.സി. എ 2/2018/നി.സെ.)

കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഘടന, ചുമതലകൾ, ഫണ്ട് വിനിയോഗം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് 27-9-2018, 25-11-2020 എന്നീ തീയതികളിൽ സമിതി നൽകിയ നിർദ്ദേശത്തിന്മേൽ ഗതാഗതം, ധനകാര്യം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

7. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ ഖണ്ഡിക 123-ലെ ശിപാർശയിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം).

(ഫയൽ നം. 3014/സബ്.സി. എ 2/2019/നി.സെ.)

2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ ഖണ്ഡിക 123-ലെ ശിപാർശയിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) സമിതി അംഗീകരിച്ചു.

8. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.

(ഫയൽ നം. 1576/സബ്.സി. എ 2/2020/നി.സെ.)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 128-132, 141 എന്നിവയിലെ ശിപാർശകളിന്മേൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

9.കാലതാമസപത്രികകളുടെ പരിഗണന

2018-19 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നം. XLI (ഗതാഗതം)-ന് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, ഗതാഗതം എന്നീ വകുപ്പുകൾക്കും 2019-20 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നം. XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നിവയ്ക്ക് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി പൊതുമരാമത്ത്,

<u>തുറമുഖം എന്നീ വകുപ്പുകൾക്കും ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ.</u>

(ഫയൽ നം. 132/സബ്.സി. എ 2/2019/നി.സെ.)

(ഫയൽ നം. 259/സബ്.സി. എ 2/2020/നി.സെ.)

വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുവാൻ കാലതാമസമുണ്ടായത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. കോവിഡ് പകർച്ചവ്യാധിമൂലം ഡിവിഷണൽ ഓഫീസിൽ നിന്നും വിവരങ്ങൾ ശേഖരിക്കുവാൻ വൈകിയതുകൊണ്ടാണ് കാലതാമസമുണ്ടായതെന്ന് സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ് മറുപടി നൽകി. പ്രസ്തുത വിശദീകരണം സമിതി അംഗീകരിച്ചു

കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസമുണ്ടായത് കോവിഡ് പകർച്ചവ്യാധി കാരണമാണെന്ന് നോട്ടിൽ പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുവാൻ സമതി ആവശ്യപ്പെട്ടു. 2020 ജനുവരി മുതലാണ് കോവിഡ് പകർച്ചവ്യാധിയുണ്ടായതെന്നും 2019-ൽത്തന്നെ വാർഷിക പ്രവർത്തന റിപ്പോർട്ട് നൽകേണ്ടതായിരുന്നുവെന്നും കോവിഡ്, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതിലുണ്ടായ കാലതാമസം എന്നിവ കാരണമാണ് കാലതാമസമുണ്ടായതെന്നും 2021 ജനുവരിയിലാണ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും റിപ്പോർട്ട് കിട്ടിയതെന്നും കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

തുടർന്ന് 'ഭരണപരമായ കാരണങ്ങൾ' എന്ന് കാലതാമസപത്രികയിൽ പറഞ്ഞിരിക്കുന്നത് വിശദീകരിക്കുവാൻ സമിതി ആവശ്യപ്പെട്ടു. പലതവണ ഓർമ്മക്കുറിപ്പുകൾ അയച്ചതിനെത്തുടർന്ന് 2021 ജനുവരിയിൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും റിപ്പോർട്ട് ലഭിച്ചെങ്കിലും ലോക്ക്ഡൗൺ കാരണം ഓഫീസ് പ്രവർത്തിക്കാത്തതുകൊണ്ടാണ് കാലതാമസമുണ്ടായതെന്ന് കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

കാലതാമസപത്രികയിൽ 'ഭരണപരമായ കാരണങ്ങൾ' എന്നുപറയാൻ പാടില്ലെന്നും വ്യക്തമായ കാരണം അറിയിക്കണമെന്നും ബഹു. സ്പീക്കറുടെ റൂളിംഗുണ്ടെന്ന് സമിതി ചൂണ്ടിക്കാട്ടി.

തുടർന്ന് 2018-19 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നം. XLI (ഗതാഗതം)-ന് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, ഗതാഗതം എന്നീ വകുപ്പുകൾക്കും 2019-20 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നം.XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നിവയ്ക്ക് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി പൊതുമരാമത്ത്, തുറമുഖം എന്നീ വകുപ്പുകൾക്കും ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച

വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

എസ്. ആർ. ഒ.-യുടെ സാധൂകരണം

10. കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടങ്ങൾ, 2020 [എസ്.ആർ.ഒ. നം. 841/2020]

(ഫയൽ നം. 828/സബ്.സി. എ 2/2021/നി.സെ)

ഫാൻസി നമ്പരുകൾ ബുക്ക് ചെയ്യുന്നതിനുള്ള ഫീസിൽ എന്ത് മാറ്റമാണ് വരുത്തിയിരിക്കുന്നതെന്ന് സമിതി ആരാഞ്ഞപ്പോൾ അതു സംബന്ധിച്ച് എസ്.ആർ.ഒ.-യിൽ വിശദമായി പറയുന്നതായും കൂടാതെ പുതുതായി കൂടുതൽ ഫാൻസി നമ്പരുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായും ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നതിനുള്ള ഫീസ് 500 രൂപയെന്നത് 1,000 രൂപയാക്കാൻ തീരുമാനിച്ചിട്ടുള്ളതായും ട്രാൻസ്പോർട്ട് കമ്മീഷണർ മറുപടി നൽകി.

ഡ്യൂപ്ലിക്കേറ്റ് ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നതിനുള്ള ഫീസ് 500 രൂപയെന്നത് 1000 രൂപയാക്കാനും, ഫാൻസി നമ്പരുകൾ ബുക്ക് ചെയ്യുന്നതിനുള്ള ഫീസിൽ മാറ്റം വരുത്തുകയും, കൂടുതൽ ഫാൻസി നമ്പരുകൾ ഉൾപ്പെടുത്തുന്നതിനും, പരസ്യ ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും മറ്റുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ള എസ്.ആർ.ഒ. നം. 841/2020 തീയതി 27-11-2020 [2020-ലെ കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടങ്ങൾ] സമിതി സാധൂകരിച്ചു.

ഉച്ചയ്ക്കുശേഷം 3.30 - ന് സമിതി യോഗം പിരിഞ്ഞു.

## 24-11-2021-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2021 നവംബർ മാസം 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിയുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. കെ. പ്രേംകുമാർ, "
3. ശ്രീ. ഐ.ബി. സതീഷ്, "
4. ശ്രീ. വി. ആർ. സുനിൽ കുമാർ, "

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.
2. ശ്രീ. പി. പി. സുമോദ്, "

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
2. ശ്രീ. എച്ച്. ദിനേശൻ ഐ.എ.എസ്., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തുറമുഖ വകുപ്പ്.
3. ശ്രീമതി ലീമാ മാനുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

4. ശ്രീ. രമേശ് ടി., അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

5. ശ്രീ. എം. ആർ. അജിത്കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്.

6. ശ്രീമതി വിജയശ്രീ കെ. എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

7. ശ്രീമതി ജോസഫൈൻ കെ., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

8. ശ്രീമതി ഷൈല പി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

10. ശ്രീ. അനിൽകുമാർ ജി., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

11. ശ്രീമതി ഡാർലിൻ ഡിക്രൂസ്, പ്രോജക്ട്ഡയറക്ടർ, കേരള റോഡ് ഫണ്ട് ബോർഡ് (പി.എം.യു).

12. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

13. ശ്രീ. രതകുമാർ എ., മെക്കാനിക്കൽ മറൈൻ എഞ്ചിനീയർ.

14. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

ഗതാഗത വകുപ്പിന്റെ കരട് ചട്ടവുമായി ബന്ധപ്പെട്ട വിഷയം സമിതി ചർച്ച ചെയ്യുകയും വിവിധ വകുപ്പുകളിൽ നിന്നുള്ള റിപ്പോർട്ടുകൾ, കാലതാമസപത്രിക, എസ്.ആർ.ഒ., ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## കരട് ചട്ടത്തിന്റെ പരിഗണന

### 1. കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2021

(ഫയൽ നം. 15315/സബ്.സി. എ 2/2021/നി.സെ.)

സമിതിയുടെ 28-9-2021-ലെ യോഗത്തിൽ കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2021- ന്റെ കരടുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്തവേളയിൽ, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10-9-2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരെക്കൂടി കേട്ടതിനുശേഷം പ്രസ്തുത വിഷയം സംബന്ധിച്ച് തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചിരുന്നതാണെന്നും എന്നാൽ ഹിയറിംഗിന് ഹർജിക്കാർ ഹാജരായിട്ടില്ലായെന്നും സമിതി ചെയർമാൻ ആമുഖമായി പറഞ്ഞു.

ഹർജിക്കാരെ കേൾക്കാൻ 21-10-2021-ന് അവസരം നൽകി നോട്ടീസ് അയച്ചുവെങ്കിലും ഹിയറിംഗിൽ ആരും പങ്കെടുക്കാത്തതിനാൽ വിഷയം സംബന്ധിച്ച് 7-11-2021-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നുമുള്ള ഗതാഗതവകുപ്പിന്റെ റിപ്പോർട്ട് സമിതി ചർച്ച ചെയ്തു.

ഹർജിക്കാർ ഹിയറിംഗിന് ഹാജരാകാതിരുന്നതിന് കാരണം ബോധിപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ മറുപടി നൽകിയിരുന്നില്ലായെന്നും 21-10-2021-ന് ഹിയറിംഗിനായി നടത്തിയ യോഗത്തിൽ ഹർജിക്കാർ പങ്കെടുത്തിരുന്നില്ലായെന്നും മറ്റൊരു തീയതി നൽകണമെന്നാവശ്യപ്പെട്ട് കുറച്ചുപേർ പിന്നീട് നിവേദനം നൽകിയിട്ടുണ്ടെന്നും ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. പരാതിക്കാരായ പത്തുപേർക്കും നോട്ടീസ് കൊടുത്തിരുന്നുവെന്നും അതിന്റെ കൈപ്പറ്റ് രസീത് ലഭിച്ചിട്ടുണ്ടെന്നും ഹിയറിംഗ് തീയതിക്ക് മുൻപ് മറുപടി നൽകാതെ അതിനുശേഷമാണ് മറുപടി നൽകിയതെന്നും തപാൽ സംബന്ധിച്ച് കാലതാമസം ഉണ്ടായോയെന്ന് അറിയില്ലായെന്നും ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു. ഹർജിക്കാർക്ക് അവസരം കൊടുത്തിട്ടും ഹിയറിംഗിന് വരാൻ കഴിയില്ലായെന്ന വിവരം ഹർജിക്കാരിൽ ഒരാൾപോലും അറിയിച്ചില്ലായെന്നത് ശരിയായ നടപടിയല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

ഈ വിഷയം സംബന്ധിച്ച് അടുത്ത യോഗത്തിൽ തീരുമാനമെടുക്കാമെന്നും അവസരം കൊടുത്തെങ്കിലും ഹിയറിംഗിന് ഹർജിക്കാർ ഹാജരായില്ല എന്നതാണ് വസ്തുതയെങ്കിലും ഹർജിക്കാർക്ക് ഹിയറിംഗിന് ഒരവസരം കൂടി കൊടുക്കണമെന്നും ഹർജിക്കാർക്ക് നോട്ടീസ് കൊടുക്കുമ്പോൾ അവസാന അവസരമാണെന്ന് സൂചിപ്പിക്കണമെന്നും ഹിയറിംഗിൽ പങ്കെടുക്കാത്തതിലൂടെ സമിതി തീരുമാനത്തെ അവർ വകവയ്ക്കുന്നില്ലെന്നുള്ളതാണ് മനസ്സിലാകുന്നതെന്നും അടുത്ത സമിതി യോഗത്തിനുമുമ്പ് ഹിയറിംഗ് നടത്താമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2021-ന്റെ കരടുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്ത ഹർജിക്കാരെ നേരിൽ കേൾക്കണമെന്ന ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10-9-2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 21-10-2021-ന് നിശ്ചയിച്ചിരുന്ന ഹിയറിംഗിന് ഹർജിക്കാർ ഹാജരാകാതിരുന്നത് ശരിയായ നടപടിയല്ലെന്ന് സമിതി വിലയിരുത്തുകയും ഹിയറിംഗിന് ഹാജരാകാതിരുന്നവർക്ക് അവസാനമായി ഒരു അവസരംകൂടി നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

<u>റിപ്പോർട്ടുകളുടെ പരിഗണന</u>

2. <u>സൈൻബോർഡുകൾ സ്ഥാപിക്കുക, റോഡ് കയ്യേറ്റം ഒഴിപ്പിക്കുക എന്നീ സമിതി നിർദ്ദേശങ്ങളിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>

(ഫയൽ നം. 2563/സബ്.സി. എ 2/2017/നി.സെ.)

സൈൻബോർഡ് സ്ഥാപിക്കുന്നതിൽ പ്രധാന സ്ഥലങ്ങൾ ഒഴിവായി പോകുന്നുവെന്ന

ആക്ഷേപം പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. 7 ജില്ലകളിൽ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടില്ലെന്നാണ് റിപ്പോർട്ടിൽ പറയുന്നതെന്ന് നിരീക്ഷിച്ച സമിതി, ഇപ്പോൾ കണ്ടെത്തിയ സ്ഥലങ്ങളിൽ സൈൻബോർഡുകൾ സ്ഥാപിക്കുന്ന പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞു. സൈൻബോർഡുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഫണ്ടിന്റെ പ്രശ്നമുണ്ടെന്നും റോഡ് സുരക്ഷയിലാണ് സൈൻബോർഡുകൾ വരുന്നതെന്നും എല്ലാ റോഡ് പണികളുടെയും കുറഞ്ഞത് അഞ്ച് ശതമാനം തുക റോഡ് സുരക്ഷയ്ക്കുവേണ്ടി മാറ്റി വയ്ക്കണമെന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതനുസരിച്ച് ഇപ്പോൾ അനുമതി നൽകുന്ന റോഡ് പണികൾക്കെല്ലാം അനുവദിക്കുന്ന തുകയുടെ 5 ശതമാനം റോഡ് സുരക്ഷയ്ക്കായി നീക്കിവയ്ക്കുന്നുണ്ടെന്നും ദൂരം, ദിശ, സ്കൂൾ തുടങ്ങിയ കാര്യങ്ങൾ സൂചിപ്പിക്കുന്ന സൈൻബോർഡുകൾ വയ്ക്കുന്നതിനായി ഇതിൽനിന്നാണ് തുക ചെലവാക്കുന്നതെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നൽകി. DLP (Defect Liability Period) ബോർഡ് എല്ലാ റോഡുകളിലും സ്ഥാപിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടെന്നും എല്ലാ റോഡുകളിലും പണി ചെയ്ത കോൺട്രാക്ടറിന്റെ പേര്, ഡി.എൽ.പി. കാലാവധി തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന സൈൻബോർഡുകളുടെ ലിസ്റ്റ് നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമില്ലേയെന്ന് സമിതി ആരാഞ്ഞു. റോഡിലും ഡിവൈഡറുകളിലും മറ്റും അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന കൊടികൾ, പരസ്യ ബോർഡുകൾ തുടങ്ങിയവയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമെന്നും അവയെല്ലാം നീക്കംചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും രണ്ടുമാസത്തിലൊരിക്കൽ ഹൈക്കോടതിയിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് ചെയ്യാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും പൊതുമരാമത്ത് റോഡുകളുടെ കാര്യത്തിൽ പൊതുമരാമത്ത് വകുപ്പും ദേശീയപാതയുടെ കാര്യത്തിൽ എൻ.എച്ച്.എ.ഐ.-യും കൂടാതെ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഇത്തരം ബോർഡുകൾ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് പരസ്യ ബോർഡ് സ്ഥാപിക്കണമെങ്കിൽ വകുപ്പിന്റെ അനുമതി വേണമെന്നും എന്നാൽ ഒരു സ്ഥലത്തും അനുമതി വാങ്ങിയിട്ടില്ലെന്നാണ് മനസ്സിലാക്കുന്നതെന്നും വളരെ ഗുരുതരമായ പ്രശ്നമാണിതെന്നും സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ തീരുമാനമെടുത്തിരുന്നെങ്കിലും സർവ്വേ നടത്താനുള്ള ആളില്ലാത്തതിനാൽ സ്ഥലം അളക്കൽ പല സ്ഥലങ്ങളിലും നടക്കുന്നില്ലെന്നും പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്തെ പരസ്യ ബോർഡിനുവേണ്ടി കോർപ്പറേഷൻ തുക ഈടാക്കുന്നുവെന്നത് പരിശോധിക്കേണ്ട വിഷയമാണെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു. പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലങ്ങളിൽ പരസ്യബോർഡ് സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് കൊടുക്കുകയും ആയതിന് അനധികൃതമായി തുക ഈടാക്കുകയും

ചെയ്യുന്നതായും ആയത് നിയമ വിരുദ്ധമാണെന്നും അഭിപ്രായപ്പെട്ട സമിതി, തദ്ദേശസ്വയംഭരണ വകുപ്പിന് ഇതു സംബന്ധിച്ച് ഒരു അറിയിപ്പ് കൊടുക്കുന്നതിനെപ്പറ്റി അഭിപ്രായം ആരാഞ്ഞു. എൽ.എസ്.ജി.ഡി.-യുടെ ആക്ട് അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ തുക ഈടാക്കാനുള്ള അധികാരമുണ്ടെന്നും ഏതെങ്കിലും റോഡ് പഞ്ചായത്ത് ഭാഗത്തുകൂടി പോകുന്നുണ്ടെങ്കിൽ അത് അവരിൽ നിക്ഷിപ്തമാണെന്നും അങ്ങനെയൊരു ഉപാധി എൽ.എസ്.ജി.-ഡിയുടെ നിയമത്തിലുണ്ടെന്നുമാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വ്യാഖ്യാനമെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി മറുപടി നൽകി.

കോഴിക്കോട് ജില്ലയിലെ ഒരു ബസ് കാത്തിരിപ്പ് കേന്ദ്രം ഡ്രെയിനേജിന് മുകളിലാണ് സ്ഥാപിച്ചിരുന്നതെന്നും ഡ്രെയിനേജ് നന്നാക്കാൻ സാധിക്കാതെ നഗരഹൃദയ ഭാഗത്ത് വെള്ളക്കെട്ടുണ്ടായത് സംബന്ധിച്ച് ലഭിച്ച പരാതി അന്വേഷിച്ചപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് വകുപ്പിന്റെ അനുമതി വാങ്ങാതെ ബസ് കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുവാൻ കോർപ്പറേഷൻ അനുമതി കൊടുത്തതായും അവസാനം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ചുമാറ്റി ഡ്രെയിനേജ് ശരിയാക്കിയതായും സമിതി ചെയർമാൻ അറിയിച്ചു. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ലെന്നും പല സ്ഥലങ്ങളിലും ഈ പ്രശ്നമുള്ളതായും ഇക്കാര്യം ഗൗരവമായെടുക്കണമെന്നുമുള്ള സമിതിയുടെ നിർദ്ദേശത്തിന് ആയത് ശ്രദ്ധിക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ഉറപ്പു നൽകി.

കേരളത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ ഗ്രാമപഞ്ചായത്ത് എന്നിവയുടെ കീഴിൽവരുന്ന റോഡുകളും നോട്ടിഫൈ ചെയ്തിട്ടുണ്ടെന്നും അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് അവകാശപ്പെട്ട റോഡ് കയ്യേറ്റം ചെയ്താൽ അത് അനധികൃതമായ കയ്യേറ്റം തന്നെയാണെന്നും പൊതുമരാമത്ത് വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിച്ചില്ലെങ്കിൽ ഇത് തർക്കവിഷയമായി നിലനിൽക്കുമെന്നും ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സമിതി ചൂണ്ടിക്കാട്ടി. എൽ.എസ്.ജി.ഡി.-യുടെ ആക്ട് അനുസരിച്ച് റോഡുകളിൽ പൊതുമരാമത്ത് വകുപ്പിന് അധികാരമില്ലെന്നാണ് എൽ.എസ്.ജി.ഡി. പറയുന്നതെന്നും പി.ഡബ്ല്യു.ഡി. റോഡിൽ പല സ്ഥലത്തും പാർക്കിംഗ് ഫീസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പിരിക്കുന്നതെന്നും ഇതുസംബന്ധിച്ച് നിയമ വകുപ്പിനോട് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. <u>റോഡ് സുരക്ഷ, സൈൻബോർഡുകൾ സ്ഥാപിക്കൽ എന്നീ വിഷയങ്ങളിൽ സമിതി നൽകിയ നിർദ്ദേശങ്ങളിന്മേൽ ആഭ്യന്തരം, ഗതാഗതം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ.</u>

(ഫയൽ നം. 2563/സബ്.സി. എ 2/2017/നി.സെ)

(ഫയൽ നം. 13/സബ്.സി. എ 2/2020/നി.സെ)

റോഡ് സുരക്ഷ, സൈൻബോർഡുകൾ സ്ഥാപിക്കൽ എന്നീ വിഷയങ്ങളിൽ സമിതി നൽകിയ നിർദ്ദേശങ്ങൾ സംബന്ധിച്ച് ആഭ്യന്തരം, ഗതാഗതം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

4. 9-8-2016-ലെ യോഗ നിർദ്ദേശം - കേരളത്തിലെ പ്രധാനപ്പെട്ട വാണിജ്യ നഗരങ്ങളിലേക്ക് ചരക്ക് കൈമാറ്റം നടത്തുവാൻ ജലമാർഗ്ഗം തെരഞ്ഞെടുക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നം. 5616/സബ്.സി. എ 2/2016/നി.സെ.)

ജലമാർഗ്ഗം വഴി നിർമ്മാണ വസ്തുക്കൾ കൊണ്ടുവരുന്നതിന് പൊതുമരാമത്ത് വകുപ്പിന് പ്രത്യേക സൗകര്യങ്ങളില്ലായെന്നും ആന്ധ്രാപ്രദേശിൽ നിന്നും തമിഴ്നാട്ടിൽ നിന്നും നിർമ്മാണവസ്തുക്കൾ കപ്പൽ മാർഗ്ഗം കൊണ്ടുവരുന്നത് ചെലവേറിയതാണെന്നും ബാർജ് മുഖേന കൊണ്ടുവന്നാൽ എല്ലായിടത്തും ബാർജിനെ കരയ്ക്കടുപ്പിക്കുന്ന സ്ഥലങ്ങളില്ലാത്തതാണ് പ്രശ്നമെന്നും ഭാരമേറിയ വാഹനങ്ങളിൽ നിർമ്മാണ വസ്തുക്കൾ റോഡ് മാർഗ്ഗം കൊണ്ടുവരുമ്പോൾ റോഡിന് കേടുപാടുകളുണ്ടാകുന്നതിനാൽ പൊതുമരാമത്ത് വകുപ്പിന് നഷ്ടമുണ്ടാകുന്നുണ്ടെന്നും ജലമാർഗ്ഗം വഴിയുള്ള ചരക്ക് നീക്കത്തിന്റെ കാര്യത്തിൽ വകുപ്പിന് നേരിട്ട് ഇടപെടാൻ സാധിക്കില്ലെന്നും ജലവിഭവ/തുറമുഖ വകുപ്പുകളുമായി ആലോചിക്കേണ്ടതാണെന്നും തീരദേശസുരക്ഷാ പ്രവൃത്തികൾക്കായുള്ള വസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിന് ജലമാർഗ്ഗമാണ് ഏറ്റവും ചെലവ് കുറഞ്ഞതെന്നും തീരദേശ റോഡുണ്ടെങ്കിൽ അതവർക്ക് പ്രയോജനപ്രദമാകുമെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഭാരമുള്ള വാഹനങ്ങളുടെ കടന്നുകയറ്റം റോഡുകളിൽ വലിയ പ്രശ്നമായി മാറിയിട്ടുണ്ടെന്നും അതുകൊണ്ട് ജലഗതാഗത വികസനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

ജലഗതാഗത വികസനം സംബന്ധിച്ച കാര്യങ്ങൾ നന്നായി മുന്നോട്ട് പോകുന്നതായും അറുന്നൂറിലധികം കിലോമീറ്റർ നീളം വരുന്ന ബേക്കൽ വരെയുള്ള ജലഗതാഗത മാർഗ്ഗത്തിന്റെ പണി നടക്കുന്നതായും ആയത് നടപ്പിലായാൽ കുറെയധികം ചരക്ക് അതുവഴി മാറ്റാൻ സാധിക്കുമെന്നും 2025 അവസാനത്തോടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു.

പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

5. 25-11-2020-ലെ സമിതി യോഗനിർദ്ദേശം - മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ ജലഗതാഗതയാനങ്ങളുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് ക്ലെയിം സംബന്ധിച്ച് കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നം. 617/സബ്.സി. എ 2/2019/നി.സെ.)

25-11-2020-ലെ സമിതിയോഗത്തിന്റെ 16-ാം മത്തെ നിർദ്ദേശമായ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലുകളിൽ ജലഗതാഗത യാനങ്ങളുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് ക്ലെയിം സംബന്ധിച്ച് കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കാലതാമസപത്രിക

6. 2020-21 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നം. XLI (ഗതാഗതം)-ന്റെ കീഴിൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ്നാവിഗേഷൻ വകുപ്പിന് ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.

(ഫയൽ നം. 488/സബ്.സി. എ 2/2021/നി.സെ)

2020-21 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നം. XLI (ഗതാഗതം)-ന്റെ കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

എസ്.ആർ.ഒ. - യുടെ സാധൂകരണം

7. 2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ചട്ടങ്ങൾ (എസ്.ആർ.ഒ.നം. 611/2020).

(ഫയൽ നം. 841/സബ്.സി. എ 2/2020/നി.സെ)

2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 611/2020) സമിതി സാധൂകരിച്ചു.

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

8. കേരള പോർട്ട്സർവ്വീസ് സ്പെഷ്യൽ റൂൾസിൽ തുറമുഖവകുപ്പിലെ ടെക്നിക്കൽ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

(ഫയൽ നം. 4353/സബ്.സി. എ 2/2015/നി.സെ)

2018-ൽ കേരള മാരിടൈം ബോർഡ് രൂപീകരിച്ചെങ്കിലും ആയതിന്റെ റൂളും ചട്ടങ്ങളും റെഗുലേഷൻസും വരാൻ പോകുന്നതേയുള്ളൂവെന്നും മുഴുവൻ തസ്തികകൾക്കും പുതിയതായി റൂൾസ് രൂപീകരിക്കേണ്ടിവരുമെന്നും റൂൾസ് പ്രസിദ്ധീകരിച്ച് പൊതുജനാഭിപ്രായം എടുത്തുകഴിഞ്ഞതായും തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ തുറമുഖ വകുപ്പിൽ നിന്നുള്ള ജീവനക്കാർക്ക് അവസരം ഇല്ലാതെ പോയാൽ മറ്റുള്ളവർ അന്യത്രസേവന വ്യവസ്ഥയിൽ വരാനുള്ള സാധ്യത പ്രയോജനപ്പെടുത്തുമെന്നൊരു ആശങ്ക ജീവനക്കാർ പ്രകടിപ്പിക്കുന്നതായി സമിതി അഭിപ്രായപ്പെട്ടപ്പോൾ ആക്ടിലെ സെക്ഷൻ 17 പ്രകാരം നിലവിലുള്ള ജീവനക്കാരുടെ സർക്കാർ സേവന വ്യവസ്ഥകൾ അതേപടി നിലനിർത്തിയിട്ടുണ്ടെന്ന് തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

2010-ലാണ് കേരള ഇൻലാൻഡ് നാവിഗേഷൻ വെസെൽസ് ചട്ടങ്ങൾ നിലവിൽ വന്നതെന്നും ആയതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം സൃഷ്ടിച്ച അഞ്ച് തസ്തികകളും സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതെല്ലാം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നത് കൊണ്ട് ബോർഡിന് സമഗ്രമായ നിയമനിർമ്മാണത്തിന് സാധിക്കുമെന്നും ചട്ടരൂപീകരണം അന്തിമ ഘട്ടത്തിലാണെന്നും അതുകൊണ്ട് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ വിഷയത്തിൽ തുടർനടപടി ആവശ്യമില്ലെന്നും തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

9. <u>2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ 20-12-2017-ൽ സമിതി ആരാഞ്ഞ അധിക വിവരം</u>

(ഫയൽ നം. 1046/സബ്.സി. എ 2/2018/നി.സെ.)

സമിതിയുടെ 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ 20-12-2017-ൽ സമിതി ആരാഞ്ഞ അധികവിവരത്തിനായി 17-6-2020-ൽ വകുപ്പ് സെക്രട്ടറിക്ക് നെയിം കവർ കത്തയച്ചിട്ടും ആയതിനുള്ള മറുപടി ലഭ്യമാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു.

പൊതുമരാമത്ത് വകുപ്പ് സമിതിയിൽ അധികതുക ആവശ്യപ്പെട്ടിരുന്നെങ്കിലും ധനകാര്യ വകുപ്പ് അത് അനുവദിച്ചില്ലെന്നും പൊതുമരാമത്ത് സംവിധാനമനുസരിച്ച് ബില്ലുകൾക്കെല്ലാം ആറ് മാസത്തിനുശേഷമാണ് പണം നൽകുന്നതെന്നും ബിൽ വരുമ്പോൾ ധനകാര്യ വകുപ്പ് വേറെ ശീർഷകത്തിൽ നിന്ന് പൊതുമരാമത്ത് ഹെഡിലേക്ക് ധനപുനർവിനിയോഗം ചെയ്യുന്നതായും എല്ലാവർഷവും കൂടുതൽ തുക ചോദിക്കുന്നുണ്ടെങ്കിലും ധനകാര്യവകുപ്പ് ധനപുനർവിനിയോഗം ചെയ്ത് നൽകാറില്ലെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2017-ൽ സമിതി ആരാഞ്ഞ അധികവിവരത്തിന് ദീർഘനാളായി മറുപടിയുണ്ടാകാത്തതിനാൽ 2020-ൽ വകുപ്പ് സെക്രട്ടറിക്ക് നെയിംകവർ കത്തയച്ചിട്ടും മറുപടി നൽകുന്നില്ലായെന്നത് ഗുരുതരമായ വീഴ്ചയാണെന്നും സമിതിയോടുള്ള അവഹേളനമാണെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത അധികവിവരവുമായി ബന്ധപ്പെട്ട് വിശദമായ മറുപടി നൽകണമെന്ന് നിർദ്ദേശിച്ചു.

10. 30-7-2019-ലെ സമിതിയോഗം - അസിസ്റ്റന്റ്മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം സംബന്ധിച്ച്

(ഫയൽ നം. 1046/സബ്.സി. എ 2/2018/നി.സെ)

തസ്തികമാറ്റം വഴി അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് 30-7-2019-ന് സമിതി നൽകിയ നിർദ്ദേശങ്ങളിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് ഗതാഗത വകുപ്പിന്റെ വിശദീകരണം സമിതി ആരാഞ്ഞു. ഇക്കാര്യത്തിൽ നിയമ വകുപ്പിൽ നിന്നാണ് നടപടിയെടുക്കേണ്ടതെന്നും ഫയൽ നിയമ വകുപ്പിലേക്ക് അയച്ചിട്ടുണ്ടെന്നും നിയമവകുപ്പിൽ നിന്നും രണ്ടുതവണ അഡ്വക്കേറ്റ് ജനറൽ ഓഫീസിലേക്ക് കത്ത് അയച്ചിരുന്നതായും ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.22-9-2020-നുശേഷം സമിതിക്ക് ഒരു അറിയിപ്പും വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ലെന്നും അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും ഒരു വിവരവും ലഭിച്ചില്ലെങ്കിൽ മൂന്ന് മാസം കഴിഞ്ഞ് ഓർമ്മക്കുറിപ്പ് അയയ്ക്കേണ്ടതാണെന്നും ഒരു വർഷം കഴിഞ്ഞും അഡ്വക്കേറ്റ് ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ലെന്നും അഭിപ്രായപ്പെട്ട സമിതി, പ്രധാനപ്പെട്ട വിഷയങ്ങളിൽ വകുപ്പുതലത്തിൽ കുറേക്കൂടി ഉത്തരവാദിത്വം ആവശ്യമാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

നിയമവകുപ്പിൽ നിന്നും 6-7-2021-ൽ അർദ്ധ ഔദ്യോഗിക കത്ത് അയച്ചിട്ടും മറുപടി ലഭിച്ചിട്ടില്ലായെന്ന് ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. വിഷയം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുണ്ടെന്നറിയിച്ചുകൊണ്ട് നിയമവകുപ്പിൽ നിന്നും അഡ്വക്കേറ്റ് ജനറലിന് ഓർമ്മക്കുറിപ്പ് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അടിയന്തരമായി ആയത് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

11. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് - ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ 125-ന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നം. 4540/സബ്.സി. എ 2/2017/നി.സെ)

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ 125-ന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞു. പ്രസ്തുത ശിപാർശയിന്മേൽ 332.92 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് അംഗീകാരത്തിനായി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ആയത് എത്രയും വേഗം സമിതിക്ക് സമർപ്പിക്കുന്നതാണെന്നും ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറി വിശദീകരണം നൽകി.

ഉച്ചയ്ക്കുശേഷം 3.40 ന് സമിതി യോഗം പിരിഞ്ഞു.

## 28-1-2022-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2022 ജനുവരി മാസം 28-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിയുമായ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

നേരിട്ട് ഹാജരായ അംഗങ്ങൾ

1. ശ്രീ. ആന്റണി രാജു, ബഹു. ഗതാഗത വകുപ്പു മന്ത്രി (എക്സ് ഒഫിഷ്യോ അംഗം)
2. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
3. ശ്രീ. കെ. പ്രേംകുമാർ, "

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പു മന്ത്രി (എക്സ് ഒഫിഷ്യോ അംഗം)
2. ഡോ. എം. കെ. മുനീർ, എം.എൽ.എ.
3. ശ്രീ. പ്രമോദ് നാരായൺ, "
4. ശ്രീ. ഐ. ബി. സതീഷ് "
5. ശ്രീ. പി. പി. സുമോദ്, "
6. ശ്രീ. വി. ആർ. സുനിൽ കുമാർ "

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്.

2. ശ്രീ. എസ്. സാംബശിവ റാവു, ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

4. ശ്രീ. രമേശ് ടി., അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

5. ശ്രീമതി ഷൈല പി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

6. ശ്രീമതി വിജയശ്രീ കെ. എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

7. ശ്രീമതി ജോസഫൈൻ കെ., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

8. ശ്രീ. കെ. ഗോപാലകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്.

9. ശ്രീ. എം. ആർ. അജിത് കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്.

10. ശ്രീ. എം. ഷാജി, ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ടി.സി.

11. ശ്രീമതി ഡാർലിൻ സി. ഡിക്രൂസ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.)

12. ശ്രീ. എസ്. മനോമോഹൻ, ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

13. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്.

14. ശ്രീമതി മധുമതി കെ. ആർ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്.

15. ശ്രീമതി ലിസി കെ. എഫ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

16. ശ്രീ. ശങ്കരൻ സുമ, കമ്പനി സെക്രട്ടറി, വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്.

17. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്.

18. ശ്രീ. വിമൽ ശേഖർ എസ്., പ്രോജക്ട് മാനേജർ (കൊമേഴ്സ്യൽ), വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ്.

19. ശ്രീ. പ്രസാദ് എം., അക്കൗണ്ട്സ് ഓഫീസർ (ഇൻ-ചാർജ്ജ്), ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്.

20. ശ്രീമതി അർച്ചനശ്രീ കെ. എൻ., സി.എസ്. & സി. എ. ഒ. മലബാർ ഇന്റർനാഷണൽ പോർട്ട് & സീസ് ലിമിറ്റഡ്.

ഗതാഗത വകുപ്പിന്റെ കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെൻഡ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2022-ന്റെ കരട് സമിതി പരിഗണിച്ചു. കൂടാതെ ചട്ടം 235 (1)(iii) പ്രകാരം പൊതുമരാമത്ത്, ഗതാഗതം, തുറമുഖം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## കരട് ചട്ടത്തിന്റെ പരിഗണന

### 1. കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2022

(ഫയൽ നം. 15315/സബ്.സി. എ 2/2021/നി.സെ)

ഹെവി മോട്ടോർ വെഹിക്കിൾസിന്റെ ലൈസൻസ് പുതുക്കുക, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും നിർവ്വഹിക്കുന്ന സാങ്കേതിക ജോലികൾ പരിശോധിക്കുക തുടങ്ങി വാഹനങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളുടെയും ചുമതല വഹിക്കുന്നത് ജോയിന്റ് ആർ.ടി.ഒ. മാരാണെന്നും പ്രസ്തുത തസ്തികയുടെ $^{1}/_{3}$ ഭാഗം മോട്ടാർ വാഹന വകുപ്പിലെ സീനിയർ സൂപ്രണ്ടുമാർക്കായി സംവരണം ചെയ്തിരുന്നുവെന്നും എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 2-7-2019-ലെ റോഡ് സുരക്ഷാ കമ്മിറ്റിയുടെ യോഗത്തിൽ സംസ്ഥാനങ്ങളിലെ മധ്യനിര ഓഫീസർമാർക്ക്, പ്രധാനമായും ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ. മാർക്ക് സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ നിയമത്തിൽ മാറ്റം കൊണ്ടുവരാൻ തീരുമാനിച്ചതെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് ജോയിന്റ് ആർ.ടി.ഒ. തസ്തികയ്ക്ക് ബന്ധപ്പെട്ട വിഷയത്തിലുള്ള ഡിപ്ലോമ അല്ലെങ്കിൽ ബിരുദം ആവശ്യമാണെന്ന ഭേദഗതി പി.എസ്.സി. അംഗീകരിച്ചതായും നിലവിൽ സീനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്നവർക്ക് ജോയിന്റ് ആർ.ടി.ഒ. ആകുന്നതിന് തടസ്സമില്ലെന്നും പുതുതായി നിയമിതരാകുന്നവർ അവരുടെ ഔദ്യോഗിക കാലയളവിനുള്ളിൽ ഡിപ്ലോമ ആർജ്ജിക്കുകയാണെങ്കിൽ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേക്ക് വരാമെന്നും ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതുമായി ബന്ധപ്പെട്ട കേസിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചിരുന്ന ഹിയറിംഗിൽ എതിർകക്ഷികൾ ആരും പങ്കെടുത്തില്ലെന്നും തുടർന്ന് സബ്ജക്ട് കമ്മിറ്റി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും നടത്തിയ 10-12-21-ലെ ഹിയറിംഗിൽ എതിർകക്ഷികൾ ഹാജരായി എന്നും ആയതിന് ശേഷമാണ് 17-12-21-ൽ ഹർജിക്കാരുടെ ആവശ്യം നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതെന്നും ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

തുടർന്ന് കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2022-ന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ചട്ടം 235 (1)(iii) പ്രകാരമുള്ള ചർച്ച

2. പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ

(ഫയൽ നം. 20511/സബ്.സി. എ 2/2021/നി.സെ)

പൊതുജനങ്ങൾക്കുള്ള പരാതി പരിഹാരസെൽ രാവിലെ 9.30 മുതൽ രാത്രി 7.30 വരെ പ്രവർത്തിക്കുന്നതായും റോഡുകളുമായി ബന്ധപ്പെട്ടുള്ള പരാതികൾ പൊതുമരാമത്ത് വകുപ്പിനെ നേരിട്ടറിയിക്കുന്നതിനായി 'PWD4U' എന്ന ആപ്പ് നിലവിലുണ്ടെന്നും സമൂഹമാദ്ധ്യമങ്ങൾ വഴി വരുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള സംവിധാനവുമുണ്ടെന്നും ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി എല്ലാ മാസത്തിലും 'റിംഗ് റോഡ് ' എന്ന ജനസൗഹൃദ പരിപാടി നടത്തുന്നുണ്ടെന്നും റോഡുകളിൽ Defect Liability Period (D.L.P) ബോർഡ് സ്ഥാപിക്കുന്ന പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കിവരുന്നതായും പൊതുമരാമത്ത് വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

ഡി.എൽ.പി. ബോർഡ് സ്ഥാപിക്കുന്ന പദ്ധതി 2022 ഫെബ്രുവരിയോടെ പൂർത്തിയാകുമെന്നും ഡി.എൽ.പി. റോഡ് ഏതെല്ലാം സ്ഥലങ്ങളിലാണുള്ളതെന്ന് 'PWD4U' ആപ്പിലൂടെ ജനങ്ങൾക്ക് അറിയാനും പരാതികൾ നൽകാനും കഴിയുമെന്നും പൊതുമരാമത്ത് ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു. DLP ബോർഡ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടും മറ്റുമുള്ള ആവശ്യങ്ങൾക്കായും ഏർപ്പെടുത്തേണ്ട സൗകര്യങ്ങളെ കുറിച്ച് സ്ഥലം എം.എൽ.എ.-മാരെ അറിയിച്ച് ഒരു ക്യാമ്പയിൻ സംഘടിപ്പിച്ചാൽ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

പൊതുമരാമത്തു വകുപ്പും വാട്ടർ അതോറിറ്റിയും സംയുക്തമായി ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ചും വാട്ടർ അതോറിറ്റി കുഴിക്കുന്ന റോഡുകൾ കൃത്യമായും സമയബന്ധിതമായും പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സമിതി ചർച്ച ചെയ്തു.

ജലവിഭവ വകുപ്പുമന്ത്രി, പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി തലത്തിൽ ചർച്ച നടത്തി, സെക്രട്ടറി തലത്തിൽ സമിതി രൂപീകരിച്ച് റോഡുപണികളുമായി ബന്ധപ്പെട്ട ഉത്തരവ് പുറപ്പെടുവിക്കുമെന്നും പൊതുമരാമത്തു വകുപ്പും വാട്ടർ അതോറിറ്റിയും സംയുക്തമായി

ചെയ്യുന്ന പദ്ധതികളിൽ റോഡ് കുഴിക്കുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതുമെല്ലാം ഒരുമിച്ച് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും Right of Way (RoW) പോർട്ടലിൽ ഒരു വർഷം മുമ്പ് പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തീരുമാനിച്ചിരുന്ന പ്രവൃത്തികൾ മുൻകൂട്ടി പ്രസിദ്ധീകരിച്ച് ഏകോപിപ്പിക്കുന്നതിന് ശ്രമിക്കുന്നതായും, റണ്ണിംഗ് കോൺട്രാക്ട് സിസ്റ്റം സംസ്ഥാനം മുഴുവൻ നടപ്പാക്കാനും എല്ലാ റോഡുകളും pothole free roads ആയി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി മുന്നോട്ട് പോകാനുമാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നതെന്നും പൊതുമരാമത്ത് ജോയിന്റ് സെക്രട്ടറി വിശദമാക്കി.

ഓരോ ജില്ലയിലെയും നിശ്ചിത റോഡുകളാണ് നിലവിൽ അറ്റകുറ്റപ്പണികൾക്കായി 'Running Contract' -ൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ അടുത്ത വർഷം മുഴുവൻ റോഡുകളുടെ കാര്യത്തിലും 'Single Running Contract' നടപ്പാക്കുന്ന വിധത്തിൽ പദ്ധതി തയ്യാറാക്കുന്നതായി പൊതുമരാമത്ത് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

പൊതുമരാമത്ത് വകുപ്പിൽ രൂപീകരിച്ച മെയിന്റനൻസ് വിഭാഗത്തിന് ആവശ്യമായ ജീവനക്കാരുടെ പുനർവിന്യാസം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും തീവ്രമഴയെ നേരിടാൻ വേണ്ടിയുള്ള പുതിയ സാങ്കേതിക വിദ്യയെക്കുറിച്ചും നിയമപരമായ കുരുക്കുകളിൽപ്പെട്ട് തടസ്സപ്പെട്ട് കിടക്കുന്ന 'ശബരിമല ഇടത്താവളം' പോലെയുള്ള പ്രവൃത്തികളുടെ തടസ്സങ്ങൾ നീക്കുന്നതിനെക്കുറിച്ചും സമിതി ആരാഞ്ഞു.

മെയിന്റനൻസ് വിംഗിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി മന്ത്രിതലത്തിൽ 'മിഷൻ ടീം' രൂപീകരിച്ചിട്ടുണ്ടെന്നും നാഷണൽ ഹൈവേ വിഭാഗത്തിൽ നിന്നും കുറച്ച് ജീവനക്കാരെ/എഞ്ചിനീയർമാരെ മറ്റു വിഭാഗങ്ങളിലേക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജോയിന്റ് സെക്രട്ടറി മറുപടി നൽകി. കൂടാതെ മഴ കൂടുതലുള്ള സ്ഥലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'Soil stabilization' പോലുള്ള രീതികൾ അവലംബിക്കുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഡി.എൽ.പി.യോടൊപ്പം മെയിന്റനൻസ് കോൺട്രാക്കുകൂടി മെയിൻ കോൺട്രാക്ടിൽ ഉൾപ്പെടുത്തിയാൽ ഗുണനിലവാരം മെച്ചപ്പെടുമെന്നും ഒരു റോഡ് ഏഴ് വർഷം നന്നായി അറ്റകുറ്റപ്പണി ചെയ്ത് പരിപാലിക്കാമെന്ന വ്യവസ്ഥയിലേക്ക് പോകണമെന്നാണ് 'മിഷൻ ടീം' തീരുമാനിച്ചിരിക്കുന്നതെന്നും പൊതുമരാമത്ത് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത രണ്ട് മാർഗ്ഗങ്ങളും നടപ്പിലാക്കിയാൽ കേരളത്തിലെ റോഡുകളുടെ നിലവാരത്തകർച്ചയ്ക്ക് പരിഹാരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നതിന്റെയും കൃത്യമായി അറ്റകുറ്റപ്പണികൾ ചെയ്ത് പരിപാലിക്കുന്നതിന്റെയും ആവശ്യകത സംബന്ധിച്ച് ബഹു. ചെയർമാൻ ഊന്നി പറഞ്ഞു. ഈ രണ്ടു കാര്യങ്ങളിലും ബഹു.എം.എൽ.എ.മാരുടെ നേതൃത്വപരമായ പങ്കാളിത്തവും മേൽനോട്ടവും ഉണ്ടാകുന്ന പക്ഷം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുമെന്ന് ബഹു. ചെയർമാൻ സൂചിപ്പിച്ചു. ആവശ്യമായ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനോടൊപ്പം അനാവശ്യമായി അവ നടക്കുന്നുണ്ടോ എന്നും കൂടി നിരീക്ഷിക്കേണ്ടതാണെന്ന് അടുത്തയിടെ ഉണ്ടായ ചില സംഭവങ്ങൾ ചൂണ്ടിക്കാട്ടി ബഹു. ചെയർമാൻ ഓർമ്മിപ്പിച്ചു. എം.എൽ.എ. മാരുടെ നേതൃത്വത്തിൽ അതതു മണ്ഡലങ്ങളിൽ ഇത്തരം പരിശോധന നടത്തേണ്ടതിന് ഒരു സംവിധാനം കൂടി വന്നാൽ റോഡു നിർമ്മാണത്തിലെയും അറ്റകുറ്റപ്പണികളിലെയും തെറ്റായ പ്രവണതകളെ ഒഴിവാക്കാൻ സാധിക്കുമെന്ന് ബഹു. ചെയർമാൻ കൂട്ടിച്ചേർത്തു. പി.ഡബ്ല്യൂ.ഡി. മാനുവലിൽ ഡി.എൽ.പി.യുടെ കാര്യം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇത്രയും കാലത്തിനിടയിൽ ആയത് എത്രമാത്രം നടപ്പിലാക്കുവാൻ സാധിച്ചുവെന്നത് പരിശോധിക്കപ്പെടേണ്ടതാണെന്നും പരിപാലനകാലാവധിയിലെ അറ്റകുറ്റപ്പണികൾ നടത്തുവാനും നടത്തിക്കുവാനും ഉത്തരവാദിത്തപ്പെട്ടവർ അത് യഥാസമയം ചെയ്യാതിരിക്കുകയും പിന്നീട് മറ്റ് പദ്ധതികളുടെ ഭാഗമാക്കി അതിനെ മാറ്റി ഖജനാവിന് നഷ്ടമുണ്ടാക്കുകയും ചെയ്യുന്നുവെന്നും ഈ പ്രവണത സമൂഹത്തിൽ വളരെ ഗൗരവമേറിയ ചർച്ചകൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും ഇതു പരിഹരിക്കുവാൻ പൊതുമരാമത്ത് വകുപ്പിന്റെ ഈ സംവിധാനത്തിലൂടെ സാധിക്കുമെന്നും ബഹു. ചെയർമാൻ വ്യക്തമാക്കി.

പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം

(ഫയൽ നം. 20511/സബ്.സി. എ 2/2021/നി.സെ)

കോവിഡ് കാലത്തെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തെ സംബന്ധിച്ച് ഗതാഗത സെക്രട്ടറി വിശദീകരിച്ചു. ഓരോ കോവിഡ് തരംഗത്തിന് ശേഷവും കെ.എസ്.ആർ.ടി.സി യാത്രക്കാരുടെ എണ്ണം കുറയുന്നതുമൂലം വരുമാനം ഗണ്യമായി കുറയുകയാണെന്നും പൊതു ഗതാഗതം കുറഞ്ഞാൽ കെ.എസ്.ആർ.ടി.സി.-യെ സാരമായി ബാധിക്കുമെന്നതു കൂടാതെ സ്വകാര്യ വാഹനങ്ങളുടെ വർദ്ധിച്ച ഉപയോഗംമൂലം റോഡിലെ തിരക്ക് വർദ്ധിക്കുകയും മലിനീകരണവും അപകടങ്ങളും കൂടുകയും ചെയ്യുമെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

തുടർന്ന് 'ഗ്രാമവണ്ടി' പദ്ധതിയെക്കുറിച്ച് സമിതി ചർച്ച ചെയ്തു. പൊതു ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ 'ഗ്രാമവണ്ടി' പദ്ധതി കേരളത്തിൽ വിപുലമാക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും അത് പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇന്ധനച്ചെലവ് വഹിക്കുക, വാഹനവും ബാക്കി ചെലവുകളും കെ.എസ്.ആർ.ടി.സി. വഹിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിലൂടെ കെ.എസ്.ആർ.ടി.സി. വാഹനം ഓടിക്കുക എന്നിവയാണ് 'ഗ്രാമവണ്ടി' പദ്ധതിയുടെ ലക്ഷ്യമെന്നും പദ്ധതി യാഥാർത്ഥ്യമായാൽ കേരളത്തിൽ പൊതുഗതാഗത സംവിധാനം എത്തിച്ചേരാത്ത എല്ലാ മേഖലകളിലും ഗതാഗത സൗകര്യം ഒരുക്കാൻ സാധിക്കുമെന്നും പല കമ്പനികളും വ്യക്തികളും ഇതിനായി സി.എസ്.ആർ. ഫണ്ട് വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും 'ഗ്രാമവണ്ടി' പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കാൻ സാധിക്കുമെന്നും യോഗം അഭിപ്രായപ്പെട്ടു.

ഓരോ ജില്ലയിലെയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഡി.റ്റി.പി.സി.-യെയോ അല്ലെങ്കിൽ മറ്റ് സംവിധാനങ്ങളെയോ ചേർത്തുകൊണ്ട് കെ.എസ്.ആർ.ടി.സി. ഒരു പാക്കേജ് ആവിഷ്കരിക്കുന്നത് സംബന്ധിച്ചും ഇതിലേക്കായി ഡി.റ്റി.പി.സി.-യും ഡി.റ്റി.ഒ-മാരുമായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ചും ആലോചിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഒഴിവാക്കപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ Foodie wheels Project എന്ന റെസ്റ്റോറന്റ് സംവിധാനത്തിന് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ചും ആലോചിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഗവൺമെന്റ് നൽകിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

4. <u>കേരളത്തിലെ വിവിധ തുറമുഖങ്ങളുടെ വികസനം</u>

(ഫയൽ നം. 20511/സബ്.സി. എ 2/2021/നി.സെ)

കേരളത്തിൽ 17 നോൺ മേജർ തുറമുഖങ്ങളുണ്ടെന്നും വിഴിഞ്ഞം, കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധപ്പെടുത്തി ചരക്കു നീക്കം നടക്കുന്നുണ്ടെന്നും വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ജോലികൾ വേഗത്തിൽ പുരോഗമിക്കുന്നുണ്ടെന്നും കൊല്ലം തുറമുഖത്തെ 'സാഗർമാല' പദ്ധതിയിൽ ഉൾപ്പെടുത്തി വാർഫിന്റെ പണികൾ പകുതിയിലേറെ പൂർത്തിയായതായും എല്ലാ തുറമുഖങ്ങളിലും ISPS Code (International Ship and Port Facility Security) അടിസ്ഥാനപ്പെടുത്തിയുള്ള നിർമ്മാണം നടന്നുവരുന്നതായും ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

ISPS Code പ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടക്കുകയാണെന്നും ഇതിനാവശ്യമായ ഫണ്ട് 'സാഗർമാല' പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിക്കുമോയെന്ന് പരിശോധിക്കുന്നുണ്ടെന്നും ആയത് ലഭിച്ചില്ലായെങ്കിൽ സംസ്ഥാന ഫണ്ട് ഉപയോഗിക്കുവാനാണ് ആലോചിക്കുന്നതെന്നും തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കൂടാതെ സാഗർമാല പദ്ധതി കൊല്ലം തുറമുഖത്ത് നടപ്പിലാക്കിയെന്നും ബേപ്പൂർ തുറമുഖത്ത് ആറ് മാസത്തിനുള്ളിൽ ഇത് പൂർണമായി നടപ്പിലാക്കുമെന്നും തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

തുറമുഖ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വൈകുന്നേരം 4.50-ന് സമിതി യോഗം പിരിഞ്ഞു.

---